


# Newman Voice 2011-12

## Our Manager



**Rt. Rev. Msgr. Thomas Malekudy**

## Our Principal



Dr. T.M. Joseph

## Our Vice Principal



**Dr. K.J. John**

## Our Bursar



**Rev. Dr. Manuel Pichalakkatt**

# Editorial Board

## Staff Editors



**Rev. Dr. Manuel Pichalakkatt**



**Dr. Bijimol Thomas**



**Prof. Lally Thomas**

## Student Editors



**Bany Joy**
Concept & Co-ordination



**Kiran Jose**
Chief Editor



**Jordi John**
Associate Editor



**Amal T.S**
Sub. Editor



**Athira K.B**
Sub. Editor



**Mevin Michael**
Sub. Editor



**Saranya M. Shaji**
Sub. Editor



**Deepthi Joseph**
Sub. Editor



**Sangeeth Jose**
Technical Support

# INDEX


| | |
|---|---|
| Editorial | 11 |
| A Short Chat with Almighty God | 13 |
| My Childhood Days | 14 |
| എന്റെ ബാല്യം | 17 |
| ഈ ജീവിതം എത്ര സുന്ദരം | 18 |
| അമ്മ അതല്ലേ എല്ലാം | 19 |
| Story behind Newton's law of motion | 20 |
| माता - पिता हैं जीवनदाता | 21 |
| Life | 21 |
| My Dear Mom | 22 |
| സ്വപ്നങ്ങളുടെ ചിറക് | 23 |
| അനാഥ | 29 |
| ഒരു വിലാപം....... | 30 |
| DARE TO BE DIFFERENT | 31 |
| Positive Thoughts Strategies | 32 |
| आप हैं हमारी आलेक | 33 |
| ജീവിത യാത്ര | 34 |
| സ്വപ്നം | 35 |
| DO YOU KNOW ???? | 36 |
| Morality and Education | 37 |
| അടർന്നുവീഴുന്ന ജീവിതവസന്തങ്ങൾ | 43 |
| ഇരുളിലെ വെളിച്ചം | 45 |
| Love or Lust | 46 |
| True Friendship – A Blessing | 47 |
| ആ പ്രണയ പുഷ്പത്തിനായ്... | 48 |
| Report | 49 |
| മിഴിനീർപ്പൂക്കൾ | 52 |
| നിലവുക്കൾ | 53 |
| സുഹൃത്തേ നീ എവിടെ .. | 55 |
| ഭാരതാംബ | 61 |
| തനിയെ | 62 |
| സ്ത്രീ ശാക്തീകരണം....... | 63 |
| THE DEATH AT PARTIAL BIRTH | 64 |
| AN ACQUAINTANCE WITH DEATH | 66 |
| സ്നേഹാക്ഷരങ്ങൾ | 67 |
| Are Humans Peaceful Species at Heart? An Enquiry... | 68 |
| ऐसे हैं हम भी | 70 |
| ഒരു മഞ്ഞു തുള്ളിയുടെ തേങ്ങൽ | 71 |
| BAD LUCK | 73 |
| ജീവിതയാത്ര | 76 |
| പോസ്റ്റ്മാനു കിട്ടിയ ന്യൂ ഇയർ കാർഡ് | 77 |
| Why do students fail in exam? | 78 |
| കനിവു തേടുന്ന പ്രകൃതി | 81 |
| അമൃത വർഷിണി | 84 |
| A voyage to DAM 999 | 87 |
| മൂകസാക്ഷി | ID |
| 'മധു'രമീ ദാനം | 82 |
| നൈമിഷികം | 94 |
| Life -A MYSTERY | 95 |


# Editorial

"Life is no brief candle for me. It is a sort of splendid torch which I have got hold of for the moment, and I want to make it burn as brightly as possible before handing it on to future generations."

These words of the famous Irish playwright George Bernard Shaw contain in it a vast ocean of meanings. A true understanding of these words will lead us to a perfect understanding of the kind of lives that we should lead. These words of Shaw tell us what our aim should be. Our aim should be to give a message. Not any message but a good message, a message that no one will forget. Someone once told me "it is not how long you lived, but how you lived." At first it didn't make any sense to me. But after I thought about it for some time the meaning dawned on me. After our death people will remember us for the way we lived. They will remember us for what we were. We have the examples of many great men and women in front of us in this direction. Gandhi, Martin Luther King Junior, Joan of Arc, Florence Nightingale the list goes on. The whole world knows these people. They have been long dead and gone. But the world still remembers them. Why? There were many others who lived in their time. But no one remembers anyone of them. Only these people changed history. Only they are remembered. Why?

All these great men are remembered for the lives they led, the messages that they spread. Mahatma Gandhi is known for the doctrine of Ahimsa, Martin Luther King for freedom of blacks in USA, Joan of Arc for leading the dispirited French army to victory against the British and Florence Nightingale for selfless service. Likewise all the great men taught the world something new or reminded them about some things that they had forgotten. I am not telling that every one of us should become world famous or so. It is not possible. But we can become famous in our own sphere of life. We can spread a message among the ones we know. Thus we can make our lives worthwhile.

Today we can see an epicurean lifestyle spreading around us. Many of our friends are leading such a life. It is a truth and no one can deny it. Denying it won't make it a lie. Deep inside all desire for such a life. But let me ask you something. Is it what we need? Should we be leading such a life? It is up to you to decide. Why? Because it is your life and others can help you only to some extent. We always hear our elders say that the choices we make decide our life. So friends you decide how you want to be known.

Let me end by quoting Brian Tracy "Love only grows by sharing. You can only have more for yourself by giving it away to others." Friends life is short and world is small. So let us love our friends and help them in their needs. Thus we can try to spread a message through our humble lives.



Kiran Jose

# A Short Chat with Almighty God



I got up early in the morning
And rushed right into the day
I had so much to accomplish
That I didn't have time to pray.
Problems just tumbled about me
Heavier came each task.
"Why doesn't God help me?" I wondered
He answered, "You didn't ask"
I wanted to see joy and beauty
But I toiled on grey and bleak,
I wondered why God didn't show me,
He said, "But you didn't seek"
I tried to come into God's presence,
I tried all the keys at the lock,
God gently and lovingly chided,
"My child, you didn't knock"
I woke up early this morning,
And paused before entering the day
I had so much to accomplish
That I had to take time to pray.



Aleena Alex
ZS2

# MY CHILDHOOD DAYS



Liya George
PS2

My childhood days
How happy I was
Everyone caring for me
Always happy and cheerful.
As I grew they came
The tensions and worries
Like a black shadow behind me
Scattering all the happiness.
Oh! My childhood days
They are now just memories
Those days make me feel as if
I was in another world.



I learnt a general truth,
As we grow the life changes
And the world changes into a
Sad song of memories.
OH! My childhood days
They are now only memories
Will I get it again?
Never, never in my whole life.








# എന്റെ ബാല്യം

ഇതളറ്റു വീഴുന്ന പനിനീർ പൂവിന്റെ
ഇതളുകളിൽ ആരോ കുറിച്ചിട്ടതോ എന്റെ ബാല്യം
ഇമ്പമായങ്ങ് ഒരു കാട്ടുകുയിൽ പാടിയതാണോ
ഇവിടെയാരോ മൂളി നിർത്തിയതോ എന്റെ ബാല്യം
ജലമർമ്മരങ്ങൾ മറന്നുപോയ
ജലത്തുള്ളികളാണോ എന്റെ ബാല്യം
അതോ നിറപൂക്കളാൽ ചൂടിവച്ചതോ
മാമരക്കൊമ്പിലിരുന്നാരോ ഏറ്റുപാടിയ
മാനസസരസ്സിലെ വരവീണയോ
മാഞ്ഞുപോയ മൺകൊട്ടാരത്തിലെ
മായാശിൽപ്പിയോ എന്റെ ബാല്യം
തിരിച്ചുവരികയില്ലെന്നറിയുമെങ്കിലും
തീരാദുഃഖം നൽകി നടന്നു നീങ്ങിയ
തിരിനാളമോ എന്റെ ബാല്യം........





നീനു മോഹൻ
Es4

# ഈ ജീവിതം എത്ര സുന്ദരം



Anu K. Mathew
Zs6

ശൈത്യകാലം മാറി തുടങ്ങിയ ഒരു തിങ്കളാഴ്ച ദിവസം ഞാൻ പൂന്തോട്ടത്തിൽ വെള്ളം ഒഴിക്കുകയായിരുന്നു. എന്റെ പ്രിയപ്പെട്ട റോസാച്ചെടിയുടെ ചുവട്ടിൽ വെള്ളം ഒഴിച്ചുകൊടുത്തപ്പോൾ അത് ഇപ്രകാരം എന്നോട് മന്ത്രിക്കുന്നതുപോലെ തോന്നി.

ഞാൻ നല്ല ഉറക്കമായിരുന്നു. ഞാൻ ഉണർന്നപ്പോൾ എന്റെ കൂടെയുണ്ടായിരുന്ന ഇലകളും പൂക്കളും ഒക്കെ എന്നിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു. ആ വേദന എനിക്ക് അസഹ്യമായി തോന്നുന്നു ഇനി എന്തിന് ജീവിക്കണം? തീരാനഷ്ടങ്ങളുടെ നടുവിൽ സ്വയം ശപിക്കുവാനും മരിക്കുവാനുമൊക്കെയുള്ള ചിന്തകൾ എന്നെ അലട്ടുന്നു. ഞാൻ മരിക്കാൻ പോവുകയാ ചെടി പറഞ്ഞു നിർത്തി. ഞാൻ പറഞ്ഞു; അരുത്, ജീവിതത്തിലെ പ്രതിസന്ധികൾക്കും പ്രശ്നങ്ങൾക്കും പരിഹാരം ആത്മഹത്യയല്ല. അൽപ്പം കാത്തിരിക്കുക. നിന്റെ മേൽ ഇനിയും സൂര്യനുദിക്കും. അപ്പോൾ നഷ്ടമായതെല്ലാം നിന തിരിച്ചുകിട്ടും. വൈമനസ്യത്തോടെയെങ്കിലും റോസ ച്ചെടി എന്റെ വാക്കുകൾ അനുസരിച്ചു. ഏതാനും ദിവ ങ്ങൾക്കകം ചെടിയിൽ പുതിയ ശിഖരങ്ങളും പൂക്കളു പൊട്ടിവിടർന്നു. അപ്പോൾ പഴയതിലും കൂടുതൽ ചിത്ര ലഭങ്ങളും വണ്ടുകളും മധുമയഗാനങ്ങൾ പാടികൊ റോസാച്ചെടിയുടെ അടുത്തേക്ക് പാറിപറന്നെത്ത പെൺകുട്ടികൾ പൂവ് പറിച്ച് മുടിയിൽ ചൂടി. അപ്പോ റോസാച്ചെടി ആത്മഗതം ചെയ്തു. ഈ ജീവിതം എ സുന്ദരം. തോൽവിയിൽ ദുഃഖിക്കേണ്ടതില്ല, വിജയത്തി അഹങ്കരിക്കേണ്ടതുമില്ല. ജീവിതയാത്രയിൽ ഇടയ്ക്കി പലതും നഷ്ടപ്പെട്ടേക്കാം. വേദനയും വിരസതയും വേ യാടാം. ആ സമയത്ത് നിരാശപ്പെടേണ്ടതില്ല. അൽപ്പ കാത്തിരിക്കുക. വേർപെട്ടുപോയതെല്ലാം വേഗത്തി വന്നുചേർന്ന് ജീവിതം വീണ്ടും വർണങ്ങൾ വിരിയിക്കു ന്നതായി കാണാം. ജീവിതം സുന്ദരമാണ്.







# അമ്മ... അതല്ലേ എല്ലാം



Thara Benny
PS4

തോമസ്സുകുട്ടി, ഒരു പന്ത്രണ്ടുവയസ്സുകാരൻ. ജീവിതത്തിലാദ്യമായാണ് ഇന്നവൻ തനിയെ കിടന്നുറങ്ങുന്നത് എന്നും അമ്മയുടെ മടിയിൽ കിടന്നാണ് അവൻ ഉറങ്ങിയിരുന്നത്. കോരിച്ചൊരിയുന്ന മഴയുടെ കുളിരിൽ അമ്മയുടെ മാറോട് ചേർന്ന് കിടന്നുറങ്ങുമ്പോൾ ഉള്ള ആ സുഖം... അത്എന്നും അവന് സ്വന്തമായിരുന്നു.

പക്ഷേ ഇന്ന്തന്റെ എല്ലാമായിരുന്ന അമ്മ എന്നെന്നേക്കുമായി പറന്നകന്നുവെന്ന് വിശ്വസിക്കാൻ അവനാകുന്നില്ല. ഇന്നലത്തെ കോരിച്ചൊരിയുന്ന പേമാരിയും മിന്നൽപിണറുകളും അമ്മയുടെ അടക്കിപ്പിടിച്ചുള്ള തേങ്ങലുകളും അവന്റെ മനസ്സിൽ മിന്നിമറഞ്ഞുകൊണ്ടിരുന്നു. ഇന്നലെ വരെ പകലന്തിയോളം കൂലിവേല ചെയ്ത് തളർന്നിട്ടും തനിക്ക് വയറു നിറയെ കഞ്ഞിതന്നിട്ട് ഒട്ടിയ വയറുമായി നടന്ന തന്റെ അമ്മയുടെ മുഖം അവന്റെ മനസ്സിലേക്ക് ഓടിയെത്തി. കുടിച്ച് നാലുകാലിൽ ആടിയെത്തുന്ന അച്ഛന്റെ പീഡനത്തിലും അമ്മയ്ക്ക് താങ്ങായിനിന്ന തന്നെ ഇട്ടിട്ട് വേദനകളില്ലാത്ത ലോകത്തേക്ക് തനിച്ച് പറന്നകന്ന അമ്മയോട് അവന് എന്തെന്നില്ലാത്ത ദേഷ്യം തോന്നി. അതു ചെയ്യാൻ തുനിഞ്ഞപ്പോൾ അമ്മയ്ക്ക് അമ്മയുടെ ഈ തോമാച്ചന്റെ മുഖമൊന്ന് ഓർക്കാൻ കഴിഞ്ഞില്ലെ...? കണ്ണീരിന്റെ ഈ ആഴക്കടലിൽ എന്നെ മുക്കിയിട്ട്അമ്മ തനിയെ നീന്തിപ്പോയില്ലേ...? ഇങ്ങനെഓരോന്ന് ഓർത്തിരിക്കുമ്പോഴും പുറത്തെ ഘോരമായ മഴയും കൊടുങ്കാറ്റും കാതടപ്പിക്കുന്ന ഇടിമുഴക്കവുമെല്ലാം ആ പിഞ്ചുമനസ്സിനെവല്ലാതെ ഭയപ്പെടുത്തി.

അനാഥത്വത്തിന്റെ ഏകാന്തത അവനെവല്ലാതെ ത്രസിച്ചു. അമ്മയെന്നും തലയ്ക്കുവച്ചിരുന്ന ആ തലയണ കെട്ടിപ്പിടിച്ച് ഹൃദയം പൊട്ടുന്ന വേദനയോടെ അവൻ കരഞ്ഞു. കരഞ്ഞു തളർന്ന്അവൻ അറിയാതെ മയങ്ങിപ്പോയി. അച്ഛന്റെ നാറുന്ന കള്ളിന്റെ തെറിപ്പൂരം കാതിൽ പതിച്ചപ്പോഴാണ് അവൻ ഞെട്ടിയുണർന്നത്.

എണ്ണയില്ലാതെ കരിന്തിരി കത്തുന്ന വിളക്കുമായി അവൻ മുന്നോട്ടാഞ്ഞപ്പോഴേക്കും ഇളകിക്കൊണ്ടിരുന്ന ആ വാതിൽ അച്ഛന്റെ ബലിഷ്ഠമായ കരത്താൽ മറിഞ്ഞു വീണിരുന്നു. തന്റെ മുന്നിൽ കാലുറയ്ക്കാതെ നിന്നാടുന്ന അച്ഛനെകണ്ടിട്ട് അവൻ പതിയെ പിന്നോട്ടുമാറി.

നിന്റെ തള്ള എന്തിയേടാ?

എന്നുള്ള ആക്രോശം അവന്റെ കർണ്ണപടങ്ങളിൽ മാറ്റൊലി കൊണ്ടപ്പോൾ എന്തു പറയണം എന്നറിയാതെ അവൻ നിന്നു. അപ്പോഴേക്കും അയ്യാൾ തന്നെ പറഞ്ഞു

"അവളുപോയി തൂങ്ങി ചത്തല്ലേ, മനുഷ്യനെ തുലയക്കാനായി.... നീ എന്താ ഒന്നും മിണ്ടാതെ നിൽക്കുന്നത്?"

എന്തെങ്കിലും ഉരിയാടാൻ അവൻ അശക്തനായിരുന്നു. അമ്മയില്ലാത്ത ആ വീടിന്റെ പൈശാചികത അവനെവല്ലാതെ

ത്രസിപ്പിച്ചു. അപ്പോഴാണ് അച്ഛന്റെ പരുഷമായ ആ സ്വരം അവന്റെ കാതുകളിൽ പതിച്ചത്.

"സ്വപനം കാണാതെ വേണമെങ്കിൽ ഇതുതിന്നിട്ട് വല്ലയിടത്തും ചുരുണ്ടുകൂടി കിടക്കെടാ, പിന്നെ നിന്റെ തള്ളയെപ്പോലെ എന്നെ നാണംകെടുത്താനാണ് ഭാവമെങ്കിൽ വിടില്ല ഞാൻ ഒരുത്തനേം..!!"

ഇത്രയും പറഞ്ഞ് ചോറുപൊതി അയാൾ അവന്റെ മുന്നിലേക്കിട്ടു.

വിശന്നു കുടലുകരിഞ്ഞെങ്കിലും ചോറ് എടുത്തുണ്ണാൻ അവന്റെ അഭിമാനം സമ്മതിച്ചില്ല. പക്ഷേ പിതാവിന്റെ പീഡനം ഭയന്ന് അവൻ നിറമിഴിയുമായി ആ പൊതി എടുത്തു. അപ്പോൾ പുറത്തുനിന്നുള്ള കാറ്റിൽ ആ കരിന്തിരി കെട്ടുപോയി. തപ്പിപ്പിടിച്ചു അവൻ അടുക്കളയിൽ അത് കൊണ്ടുവച്ചു. എന്നിട്ട് തിരിഞ്ഞു നടന്നപ്പോഴാണ് എന്തോ അവന്റെ കാലിൽ തട്ടിയത്. കുനിഞ്ഞ് അ[illegible] എടുത്തപ്പോൾതന്നെ അവന് തന്റെ അമ്മയുടെ തേഞ്ഞ[illegible] തീർന്ന ചെരുപ്പാണ് അതെന്ന് മനസിലായി. അവന് ത[illegible] കണ്ണുകളെ നിയന്ത്രിക്കാനായില്ല. അണപൊട്ടിയൊഴുകി[illegible] മിഴികൾ തുടച്ചിട്ട് ആ ചെരുപ്പുകളെ അവൻ തുരുതു[illegible] മുത്തി . എന്നിട്ട് തപ്പിപ്പിടിച്ച് അവൻ നിലത്തിരുന്നു. ത[illegible] അമ്മയുടെ മടിയിൽ കിടക്കുമ്പോൾ അമ്മ ചൊല്ലാറുള്ള [illegible] പ്രാർത്ഥനഅവന് ആരോ ഉറക്കെ ചൊല്ലുന്നതുപോ[illegible] തോന്നി.

കാവൽമാലാഖമാരെ... എ[illegible] കുഞ്ഞിന്കൂട്ടായിരിക്കണേ....



# Story behind Newton's law of motion

One day Newton went for a morning walk. Suddenly he saw a cow standing across the road. He tried to move the cow from his path. But the cow didn't move from there. Then Newton formulated his 1st law, "every body continues its state of rest or uniform motion unless it is compelled by an external force to change the state."

Newton became angry and he gave a force by kicking the cow. The cow got frightened and cried loudly as MA...... MA......MA...... Then Newton got his 2nd law, "F=MA"

After some time the cow became angry and gave a kick to Newton and Newton rolled down. Then Newton formulated his 3rd law,

"To every action there is an equal and opposite reaction."





# माता - पिता हैं जीवनदाता



Sijo Jose
LS 4

माता-पिता हैं जीवनदाता
चरणों में उनके सौ - सौ नमन
बोया बीज प्यार का
मैं हूँ खिलाता उनका चमन /
प्यारी मम्मी ने चलना सिखाया
सब कुछ देकर हँसना सिखाया
पापा ने मुझको ये जग दिखाया
मानवता का पाठ पढाया /
गुरुजनों ने पढ़ना सिखाया
हाथ पकड़कर लिखना सिखाया
मुनियों ने जग में ज्योति जलाई
खुशियों की सच्ची राह दिखाई /
जब जब भय ने पाँव पसारा
अपनों ने हरदम हाथ बढ़ाया
संतों ने सबको गले लगाया
शान्ति का मन में दीप जलाया /



# Life

*Life is an opportunity, benefit from it.*
*Life is beauty, admire it.*
*Life is bliss, taste it.*
*Life is a dream, realize it.*
*Life is a challenge, meet it.*
*Life is a duty, complete it.*
*Life is a game, play it.*
*Life is a promise, fulfil it.*
*Life is a song, sing it.*
*Life is a struggle, accept it.*
*Life is costly, care for it.*
*Life is precious, keep it.*
*Life is love, enjoy it.*
*Life is mystery, know it.*
*Life is sorrow, overcome it.*
*Life is an adventure, dare it.*
*Life is luck, make it.*
*Life is a cause, fight for it.*



Bany Joy
ZS 4

# My Dear Mom



During my times of need
She comes to me like an angel indeed
At times of happiness and sadness
She is there with full of kindness
She is like a friend
who will guide me up to the end
she makes each day a new one
with her love so pure as dew
she is a true lover
who pours her love like a shower,
she is a lamp that lights my way
and again makes me say
she is my soul and breath
who lives for me until death
who cant it be
but my own "MOTHER".



Geethu Raj
CS8





# സ്വപ്നങ്ങളുടെ ചിറക്



Krishnapriya M.
PS4

യാത്രക്കാരുടെ ശ്രദ്ധയ്ക്ക്.... 6343 പാലക്കാട് അമൃത എക്സ്പ്രസ് ഒന്നാം നമ്പർ പ്ലാറ്റ്ഫോമിൽ നിന്നും ഉടൻ പുറപ്പെടുന്നു.

വൈകുന്നേരമായതുകൊണ്ട് പ്ലാറ്റ്ഫോമിൽ പതിവിലേറെ തിരക്കായിരുന്നു. 7 മണിക്കാണ് തനിക്കു പോകേണ്ട ട്രെയിൻ. അവൾ വാച്ചിൽ നോക്കി. സമയം 6.30. വീട്ടിൽ നിന്നു വന്ന ഫോൺ കോൾ അവളുടെ മനസ്സിനെയാകെ ഇളക്കി മറിച്ചിരുന്നു. ഇനിയും അര മണിക്കൂർ ഉണ്ട് തന്റെ ട്രെയിൻ വരാൻ. അവൾ ചിന്തിച്ചു. റെയിൽവേ പ്ലാറ്റ്ഫോം ആകെ ശബ്ദമുഖരിതമായിരുന്നു. ഇരുട്ടിയപ്പോൾ തങ്ങളുടെ സങ്കേതങ്ങളിലേക്ക് ചേക്കേറാൻ പോകുന്നവരുടെ തിക്കും തിരക്കും. ഈ തിരക്കേറിയ നഗരത്തിൽ തങ്ങളുടെ സ്വപ്നങ്ങൾക്കു ചിറകുകൾ വയ്പിക്കുവാൻ എത്തുന്നവരുടെ ബഹളങ്ങൾ. താനും മനസ്സിൽ നിറയെ സ്വപ്നങ്ങളോടെയാണ് ഈ നഗരത്തിലേക്ക് വന്നത്.

സമ്പന്നതയിലേക്ക് പിറന്നു വീണതാണ് ഉമ. വായിൽ സ്വർണ്ണക്കരണ്ടിയുമായി ജനിച്ചവൾ എന്ന് കൂട്ടുകാർ കളിയാക്കുമ്പോഴും. അവളുടെ മനസ്സിൽ സ്വത്തിന്റെ പേരിൽ തറവാട്ടിൽ നടക്കുന്ന അസ്വാരസ്യങ്ങൾ ആയിരുന്നു. ഇതിലൊന്നും ഇടപെടാതെ തന്റെ അച്ഛൻ മാത്രം ആ വീട്ടിൽ ഉണ്ടായിരുന്നു. എല്ലാവരുടേയും സമ്മർദ്ദത്തിനു വഴങ്ങി അവളുടെ അച്ഛൻ തറവാട് കീറിമുറിച്ചു. അത്രയും നാളും അമ്മാമേ എന്ന് തികച്ചു വിളിക്കാത്ത അനന്തിരവന്മാർ പിന്നീട് തറവാട്ടിൽ വരാതായി. നഷ്ടപ്രതാപത്തിന്റെ അടയാളമായി ആ നാലുകെട്ട് മാത്രം ബാക്കി. ക്ഷയിച്ച പ്രതാപത്തിന്റെ ഇരുട്ടിലും തന്റെ ആഢ്യത്വം ബലികൊടുക്കാൻ ഉമയുടെ അച്ഛൻ തയ്യാറായില്ല. ഒരു കാലത്ത് തലയെടുപ്പോടെ നിന്ന ആ തറവാട് ഇപ്പോൾ സട കൊഴിഞ്ഞ സിംഹത്തെപ്പോലെയായി. ആനമെലിഞ്ഞാലും തൊഴുത്തിൽ കെട്ടാറില്ലെന്ന അവകാശവാദവുമായി അവളുടെ അച്ഛൻ ജീവിച്ചു. പത്തായത്തിൽ അവശേഷിക്കുന്ന കുറച്ചു ധാന്യം മാത്രമായിരുന്നു അവരുടെ സമ്പത്ത്. ആയിടയ്ക്കാണ് ഉമയുടെ കൂട്ടുകാരി അവളുടെ വീട്ടിൽ വരുന്നത്. അവൾക്ക് ജോലി കിട്ടിയത് അറിയിക്കാൻ വന്നതായിരുന്നു കൂട്ടുകാരി. തനിക്കും ഒരു ജോലി

ശരിയാക്കിത്തരാമെന്ന് കൂട്ടുകാരി പറഞ്ഞപ്പോൾ അവൾ അച്ഛനോട് അനുവാദം ചോദിച്ചു. നിരാശയായിരുന്നു ഫലം.

ഇതുവരെ ഈ തറവാട്ടിൽ നിന്ന് ഒരു പെൺകുട്ടിയും ജോലിക്കു പോയിട്ടില്ല.. അതുകൊണ്ട് നീയും പോകണ്ട . അച്ഛൻ പറഞ്ഞു. അധപതിക്കാറായ ആ തറവാട്ടിൽ നിന്നിട്ട് ഒരു കാര്യവുമില്ലെന്ന് ഉമയ്ക്ക് അറിയാമായിരുന്നു. പക്ഷെ, താൻ പോകുകയാണെങ്കിൽ തന്റെ കുടുംബം രക്ഷപെടും. അവൾ ജോലി തേടി കൂട്ടുകാരിയുടെ കൂടെ പോയി. പക്ഷേ പിടിവാശിയുടെ ആൾരൂപമായിരുന്ന അച്ഛൻ അവളെ എന്നെന്നേക്കുമായി വെറുത്തു. കാലക്രമേണ തന്റെ അച്ഛന്റെ ദേഷ്യം എരിഞ്ഞടങ്ങുമെന്ന് അവൾ വിചാരിച്ചു. പക്ഷെ അവൾ അയയ്ക്കുന്ന കത്തുകൾക്കു പോലും അച്ഛൻ മറുപടി അയച്ചില്ല. സ്വന്തമായി വരുമാനമായപ്പോൾ അവളുടെ സ്വപ്നങ്ങൾക്ക് ചിറകുകൾ വയ്ക്കുവാൻ തുടങ്ങി. അനിയത്തിയുടെ പഠനം, തറവാടിന്റെ പുനരുദ്ധാരണം ഇവയൊക്കെ അവളുടെ സ്വപ്നങ്ങളായിരുന്നു. അനിയത്തിയുടെ കത്തുകളിലൂടെ തന്നോടുള്ള അച്ഛന്റെ വെറുപ്പ് മാറിയില്ലെന്ന് അവൾ മനസ്സിലാക്കി. എങ്കിലും തന്റെ കുടുംബത്തിന്റെ നന്മക്കു വേണ്ടിയാണെന്നുള്ള ചിന്തയിൽ അവൾ സന്തോഷിച്ചു. ജോലി സ്ഥലത്തെ മടുപ്പിക്കുന്ന ഏകാന്തതയിലും അവൾക്ക് വേനലിൽ പെയ്യുന്ന മഴ പോലെയായിരുന്നു നാടിനെക്കുറിച്ചുള്ള ചിന്തകൾ.

പെട്ടെന്ന് അവളുടെ ചിന്തകളെ കീറിമുറിച്ചുകൊണ്ട് ഒരു ചൂളംവിളി കടന്നുപോയി. അവൾ ചിന്തയിൽ നിന്നുണർന്നു വാച്ചിൽ നോക്കി. ഓ ഇനിയും സമയമായില്ല അവൾ ചിന്തിച്ചു. ഇനിയും കാത്തിരിക്കാൻ വയ്യ. ഇന്നു രാവിലെയാണ് വീട്ടിൽ നിന്നുള്ള കോൾ വന്നത്. അച്ഛന് തന്നെ കാണണമെന്ന് പറഞ്ഞു. അതിന്റെ സന്തോഷത്തിൽ അവൾ അപ്പോൾ തന്നെ യാത്രയായി. ട്രെയിൻ വന്നു. അവൾ കയറിയിരുന്നു. തന്റെ നാടിനെക്കുറിച്ചുള്ള മാധുര്യമൂറുന്ന ഓർമകളെ താലോലിച്ച് അവൾ മയങ്ങി. നാട്ടിലെത്തിയപ്പോഴാണ് അവൾ കണ്ണു തുറന്നത്. പിന്നെയൊരു ഓട്ടമായിരുന്നു. തറവാട്ടിലേക്കുള്ള പടികൾ കയറുമ്പോൾ മുറ്റത്തൊരു ആൾക്കൂട്ടം കണ്ടിരുന്നു. എല്ലാവരും തന്നെ സഹതാപത്തോടെ നോക്കുന്നു. അകത്തു കയറിയപ്പോൾ വെള്ളപുതച്ച അച്ഛന്റെ ശരീരം. അവൾക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. അച്ഛന്റെ ചിതയെരിയുമ്പോൾ അവളുടെ സ്വപ്നങ്ങളും എരിഞ്ഞടങ്ങിയിരുന്നു.

എല്ലാത്തിനുംമൂകസാക്ഷിയായി ആ തറവാട് മാത്രം ബാക്കിയായി



*Department Day Celebrations*






















# NATIONAL SERVICE SCHEME












# അനാഥ

ഇടിവെട്ടിൽ ചടുലതാളത്തിൽ
ദ്രുതനടനമാടുന്ന പേമാരിയിൽ
ആ രാത്രിതൻ അന്ത്യയാമത്തിൽ
ഒരമ്മതൻ പേറ്റുവേദനയാരുമറിഞ്ഞില്ല
ഞരക്കങ്ങൾ മൂളലുകൾ മുരളലുകൾ
ഒടുവിലൊരു പൈതലിൻ ദീനരോദനം
ഒരപശ്രുതിയായ് അലിയുന്നു
കുഞ്ഞിളം നാവിലൊരുതുള്ളി
തേൻതുള്ളിയിറ്റു വീണില്ല
അവളുടെ ചിണുങ്ങൽ മാടിയകറ്റാൻ
ചെറുതാരാട്ടുപാട്ടിൻ ശ്രുതിയുമില്ല
മൃദുചുംബനമില്ല തലോടലില്ല
ഇളംചൂടുകിട്ടാൻ തുണിയുമില്ല
അമ്മതൻ മാറോടണച്ചു കിടക്കുവാൻ
അമ്മയില്ല ... മാതൃസ്നേഹമില്ല
ഏന്തിവലിഞ്ഞു മുടന്തിയും മുറ്റത്തേയ്ക്കിഴയുന്നവൾ
തെരുവുനായ്ക്കളവൾ തൻ തോഴർ
സമ്പന്നമേറുമീ ഭൂമിയിൽ അവൾ തൻ
മിഴികളീറനണിയുന്നു
സ്വർഗ്ഗങ്ങൾ തീർക്കുമീ ഭൂമിയിൽ അവൾ തൻ
മനം സ്വപ്നത്താൽ സമ്പന്നമാക്കുന്നു
കളിതുള്ളിയകന്നുപോയ് കളികാലമതിദ്രുതം
കാലത്തിനൊപ്പം വളർന്നവൾ ഈ ഭൂമി കന്യകാ-
കനിവിനായ് നീട്ടിയൊരവൾതൻ ഭിക്ഷാപാത്രത്തിൽ
കാലവും നേർന്നില്ലാ മനുഷ്യനും നേർന്നില്ലാ
താണ്ഡവനടനമാടി കടന്നുപോം
പുതുതലമുറ ഈ വഴിയേ
പ്രണയഗീതികൾ പാടിയകന്നു പോം
യുവമിഥുനങ്ങൾ ഈ വഴിയേ
അരവയർ നിറയ്ക്കുവാനെച്ചിലും തേടി
അവൾ നടപ്പൂ ഈ വഴിയേ ... ഏകയായ് ...
നിരാലംബയായ്...!



Stephin Raju
LS 2

# ഒരു വിലാപം.......

നടപ്പിൻ കിതപ്പാറ്റാൻ നിന്നു മാത്രയാ പടിപ്പുര
മരത്തിൻ തണലിൽ, കാലൻ കുടയും നിലത്തൂന്നി
കുടുംബഭാരം താങ്ങി വളഞ്ഞ മുതുകുമായ്
പതിയെ വാതിക്കൽ മുട്ടി ഞാൻ രണ്ടാവർത്തി
ആരാണ് പടിപ്പുരവാതിക്കൽ വല്ലോം ചെന്നു കൊടുക്ക
ശല്യങ്ങൾ-എന്നുറക്കെ ചൊല്ലിക്കേട്ടു
നിറകണ്ണിനാലോടി വന്നെൻ മകൾ പക്ഷേ,
മിണ്ടുവാൻ കഴിഞ്ഞില്ല നീര് തൊണ്ടയിൽ കുരുങ്ങിപ്പോയ്
വിറക്കും കൈയ്യാൽ ഞാനാ മൂർദ്ധാവിൽ തലോടി
വിലക്കു കാലിനേയുള്ളൂ, മനസ്സിൽ തൊട്ടിട്ടില്ല
പെങ്കൊട വ്യവസ്ഥയിൽ പെട്ടതാണെന്നാകിലും
അച്ഛനു നിന്നെക്കാണാതെത്ര നാൾ നിൽക്കാനാവും
ഒന്നു കാണുക മാത്രം മതി, ഇനി ഞാൻ വരുന്നില്ല
മകളേ പൊയ്ക്കൊള്ളൂ നീ നന്നായി ചിരിച്ചു ഞാൻ
ഭർത്താവിൻ ഹിതങ്ങളെ ചെയ്ക നീയങ്ങോട്ടു പോകുമ്പോൾ
പറയണേ തിരിഞ്ഞു നടന്നു ഞാൻ
കിഴക്കേടത്തു ശ്രാദ്ധമുണ്ണുവാൻ വന്നതാണെ-
ന്നറിയാതെൻ കാലുകൾ കയറിപ്പോയി കുഞ്ഞേ
ഒന്നു നിൽക്കണേ കൊച്ചു തമ്പ്രാൻ തന്നതാണീ ചില്ലറ
വല്യമ്പ്രാനു നല്കുവാൻ വാങ്ങിച്ചാലും
നാണയത്തുട്ടും വാങ്ങി വിങ്ങി നിന്നല്പനേരം
കണ്ണുനീർ കൂട്ടിച്ചേർത്തു വച്ചു ഞാൻ പടിമേലെ
കണ്ണുനീർ തുടച്ചു ഞാൻ കണ്ണുനീർ മകൾക്കൊരു
കണ്ണുനീർക്കടലായി മാറാതെയിരിക്കട്ടെ





ഗംഗ. എം. നമ്പൂതിരി
Ms4





# DARE TO BE DIFFERENT



Jain Johnson
LS 2

If you have not read this before then it is worth reading.

From A School Principal's speech at a graduation...

He said "Doctor wants his child to become a doctor...

Engineer wants his child to become an engineer...

Businessman wants his ward to become a CEO...

BUT a teacher also wants his child to become one of them..!!!!

Nobody wants to become a teacher BY CHOICE" ...Very sad but that's the truth.....!!!

The dinner guests were sitting around the table discussing life.

One man, a CEO, decided to explain the problem with education. He argued, "What's a kid going to learn from someone who decided his best option in life was to become a teacher?"

To stress his point he said to another guest;

"You're a teacher, Bonnie. Be honest. What do you make?"

Teacher Bonnie, who had a reputation for honesty and frankness replied,

"You want to know what I make?

(She paused for a second, then began...)

"Well, I make kids work harder than they ever thought they could.

I make a C+ feel like the Congressional Medal of Honour winner.



I make kids sit through 40 minutes of class time when their parents can't make them sit for 5 min. without an i-Pod, Game Cube or movie rental.

You want to know what I make?

(She paused again and looked at each and every person at the table)

I make kids wonder.

I make them question.

I make them apologize and mean it.

I make them have respect and take responsibility for their actions.

I teach them how to write and then I make them write.

Keyboarding isn't everything.

I make them read, read, read.

I make them show all their work in math.
They use their God given brain, not the man-made calculator.
I make my students from other countries learn everything they need to know about English while preserving their unique cultural identity.
I make my classroom a place where all my students feel safe.
Finally, I make them understand that if they use the gifts they were given, work hard, and follow their hearts, they can succeed in life
( Bonnie paused one last time and then continued.)
Then, when people try to judge me by what I make, with me knowing money isn't everything, I can hold my head up high and pay no attention because they are ignorant. You want to know what I make?
I MAKE A DIFFERENCE IN ALL YOUR LIVES,EDUCATING KIDS AND PREPARING THEM TO BECOME CEO's ,AND DOCTORS AND ENGINEERS..........
What do you make Mr. CEO?
His jaw dropped; he went silent.

## Positive Thoughts Strategies

1. Avoid Exaggeration.
2. Nip Negative Thoughts in the Bud.
3. Accentuate the positive.
4. Accept Flows and being Human.
5. Choose Brighter side of the Ting.
6. Replace Criticism with Encouragement.
7. Forgive and Forget.
8. Give yourself a break.
9. Accept imperfection.
10. Focus on what you can do, not what you can't.







# आप हूँ हमारी आलेक

कभी दिल में आता है
गुरू आपकी याद
कैसे छोड सकता है
आपके दय की प्यार /
कैसे भूल सकते है
आपके शग्हा कि गध्यायई
नींद में भी उसकी शोभा
हदय का है आलोक
हम भी चल-चलेगो
वहीं त्याग के मार्ग से

जिससे आप आगे बढा
जीत का धाट पार किया /
क्या हम देंगे आपके
अमूल्य सेवा के बदले
यह ही चाह है
इन अंकुरों मन में
आगे खिलेंगे कल्याण के
रंग बिरगे फूल
प्रम दया की इसी
पुष्प बल्लरी पर.



# ജീവിത യാത്ര

ജീവിതം ഒരു യാത്ര തന്നെ
സന്താപങ്ങളിലൂടെ സന്തോഷങ്ങളിലൂടെ
എന്റെ യാത്ര
പൂവുകളിൽ നിന്ന് പൂവുകളിലേക്ക്
പറക്കുന്ന പൂമ്പാറ്റയെപ്പോലെ
മധുരം ചുരത്തും എന്റെ യാത്ര
ഇരയെ തേടുന്ന പരുന്തിനെപ്പോലെ
ദു:ഖങ്ങൾ നേരിടുമീ എന്റെ യാത്ര
നാടിന്റെ നാഡിയിടിപ്പറിയും എന്റെ
ജീവന്റെ ജീവനീ യാത്ര......



Anjaly P.S.
CS 8







# സ്വപ്നം

**Angel Ponnu Baby**
ZS6

ട്രാഫിക് ബ്ലോക്കിനിടയിൽ കുരുങ്ങിക്കിടക്കുന്ന വണ്ടിയുടെ പിൻസീറ്റിലിരുന്ന് മാത്യൂസ് നിരത്തിലേക്കു നോക്കി. സൂര്യൻ കത്തിയെരിയുകയാണ്. ചുറ്റും വാഹനങ്ങളുടെ ഒരു കടൽ. ഹോണടികളുടെ നീണ്ട മുഴക്കം. പെട്ടെന്നാണ് ചെളി പിടിച്ച് കീറിപ്പറഞ്ഞ വസ്ത്രവും ധരിച്ച് കൈയ്യിലൊരു പഴഞ്ചാക്കുമായി ഫുട്പാത്തിലൂടെ നടന്നു നിങ്ങുന്ന ഒരു ബാലൻ അവന്റെ ശ്രദ്ധയിൽ പെട്ടത്. ആ കാഴ്ച കണ്ടപ്പോൾ അയാൾക്ക് തന്റെ മനസ്സിലെവിടെയോ ഒരു വിങ്ങൽ അനുഭവപ്പെട്ടു. സീറ്റിലേക്കു ചാരിക്കിടന്ന് മാത്യൂസ് മിഴികളടച്ചു.

പുറത്ത് ചാറ്റൽ മഴ പെയ്യുന്നുണ്ട്. ഇടയ്ക്കിടെ വീശിയടിക്കുന്ന കാറ്റ്. അസ്ഥി വരെ തുളഞ്ഞുപോകുന്നത്ര തണുപ്പ്. കീറിപ്പറഞ്ഞ പുതപ്പിന്നടിയിലേക്കു കൈകാലുകൾ തിരുകി അവൻ വീണ്ടും ചുരുണ്ടുകൂടി കിടന്നു.

അയ്യോ! നടുവിന് ആഞ്ഞൊരു തൊഴി കിട്ടിയപ്പോൾ അവൻ നിലവിളിച്ചുകൊണ്ട് പിടഞ്ഞെഴുന്നേറ്റു. അടിക്കാനായി ആഞ്ഞു നിൽക്കുന്ന ആ ഭീകരസത്വത്തെ കണ്ട് അവന്റെ കുഞ്ഞു മിഴികളിൽ ഭയത്തിന്റെ തിരകൾ ഓളം വെട്ടി. ഒരു ദുഃസ്വപ്നം പോലെ മുന്നിൽ നിൽക്കുന്ന, ചോരക്കണ്ണുകളുള്ള ആ രാക്ഷസരൂപത്തെ കാണാതിരിക്കാൻ അവൻ ഇമകൾ ഇറുകെ പൂട്ടി. അവന്റെ ഓർമ്മകൾ തൊടിയിലെ ഒതുക്കു കല്ലുകൾ കയറി തന്റെ വീട്ടുമുറ്റത്തേക്കു ചെന്നു.

ആഗ്രഹിക്കുന്നതെന്തും വാങ്ങിത്തന്നിരുന്ന അച്ഛൻ. സ്നേഹപ്പൂനിലാവായി എല്ലാ കാര്യങ്ങളിലും തുണനിന്നിരുന്ന അമ്മ. കുഞ്ഞിളം പല്ലുകൾ കാട്ടി തന്റെ മുഖത്തേക്ക് ഉറ്റുനോക്കി ചിരിതുകുന്ന അനിയത്തിക്കുട്ടി. അവരെ ഒരു നോക്കു കാണാനാകാതെ.... എത്ര നാളത്തേക്കാണീ അകൽച്ച...? ഇനി ഒരു കൂടിക്കാഴ്ച ഉണ്ടാകുമോ....?

കൂട്ടുകാരോടൊപ്പം തൊടിയിൽ കളിച്ചുകൊണ്ടിരുന്ന ആ ദിവസം! പിന്നെ ചീറിപ്പായുന്ന വണ്ടിയിൽ ബലിഷ്ഠമായ കൈകൾക്കിടയിൽ കിടന്ന് ഒരിറ്റു ശ്വാസത്തിനു വേണ്ടി പിടയുകയായിരുന്നു. മറഞ്ഞു പോകുന്ന ബോധം.... പിന്നീട് തന്റെ ജീവിതം തന്നെ കീഴ്മേൽ മറിയുകയായിരുന്നു. പഴഞ്ചാക്കിനടിയിൽ, നിലത്തുകിടന്നുള്ള ഉറക്കം... തെരുവിലെ ഭിക്ഷയാചന... പീഢനങ്ങൾ.... ദുഃസ്വപ്നങ്ങൾ കണ്ട് ഞെട്ടിയുണരുന്ന സ്ത്രീകൾ.... ഓർമ്മകൾ കാടുകയറിയപ്പോൾ അവൻ ഭയചകിതനായി.

ചോറുരുള കഴിക്കാൻ മടി കാണച്ചപ്പോൾ പിള്ളേരെ പിടുത്തക്കാർ വരുമെന്നും അവർ കണ്ണു കുത്തിപ്പൊട്ടിക്കുമെന്നൊക്കെ അമ്മ പറഞ്ഞത് അവന്റെ ഓർമ്മയിലേക്കോടിയെത്തി.



പെട്ടെന്ന് ചോരക്കണ്ണുകളുള്ള ആ തടിമാടൻ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. ഓരോരുത്തരായി വേഗം അടുത്ത മുറി

യിലേക്കു വാ, വേഗം വേണം. അയാൾ ആജ്ഞാപിച്ചു. പേടിച്ചരണ്ട മിഴികളോടെ ഓരോരുത്തരായി അടുത്ത മുറിയിലേക്ക് നീങ്ങി. പോകാൻ വിസമ്മതിച്ചവരെ അയാൾ വലിച്ചിഴച്ചു കൊണ്ടുപോയി. ആ മുറിയിൽ കണ്ട കാഴ്ച അവന്റെ കുഞ്ഞുമനസ്സിനെഞെട്ടിച്ചുകളഞ്ഞു. അമ്മേ.... ചുട്ടുപഴുത്ത ഇരുമ്പു ദണ്ഡ് ശരീരത്തോടു ചേർത്തപ്പോൾ അവൻ അലറിക്കരഞ്ഞു. പ്രാണൻ പിടയുന്ന വേദനയോടെ....

എന്താ മോനെ? എന്തുപറ്റി? അമ്മ ആധിപിടിച്ച് അവന്റെ ചുമലിൽ പിടിച്ച് കുലുക്കി. കണ്ണുകൾ ഇറുകെപ്പൂട്ടി വിയർത്തൊലിച്ച് ഇരിക്കുകയാണ് മാത്യൂസ്. മോനെ, എന്താ പറ്റീത്? അച്ഛനും അമ്മയും അവനോട് വീണ്ടും വീണ്ടും ചോദിച്ചുകൊണ്ടിരുന്നു. പെട്ടെന്ന് അവൻ കണ്ണുതുറന്നു. കുഞ്ഞിക്കൈകൾ കൊണ്ട് മുഖം അമർത്തിത്തുടച്ചു.

എന്താ മോൻ സ്വപ്നം കണ്ടോ? അവന്റെ മുടിയിഴകൾ മാടിയൊതുക്കിക്കൊണ്ട് അമ്മ ചോദിച്ചു. സാരമില്ല, മോൻ പ്രാർത്ഥിച്ചു കിടന്നോ. അമ്മേം അച്ഛനുമല്ലേ കൂടെയുള്ളത്. അമ്മ അവനെസാന്ത്വനപ്പെടുത്തി. അച്ഛന്റെയും അമ്മയുടെയും നടുവിൽ കിടക്കുമ്പോഴും ദുഃസ്വപ്നത്തിലെ കാഴ്ചകൾ അവനെവേട്ടയാടി. സ്വപ്നത്തിലെ തടിമാടൻ മുറിയിലെ ഇരുട്ടിലെവിടെയോ പതുങ്ങിയിരുപ്പുണ്ടെന്ന് അവനു തോന്നി.

സ്നേഹഭവനത്തിന്റെ ഗേറ്റുകടന്ന് കാർ മുറ്റത്തെത്തി. സാർ ഇറങ്ങുന്നില്ലേ? ഡ്രൈവറുടെ ശബ്ദം.

മാത്യൂസ് ഞെട്ടിയുണർന്നു. ഞാനൊന്നു മയങ്ങി. യാത്രയുടെ ക്ഷീണം കൊണ്ടാവും മാത്യൂസ് ഡ്രൈവറെ നോക്കി പുഞ്ചിരിച്ചു. അയാൾ ഡോറു തുറന്ന് മുറ്റത്തേക്കിറങ്ങി. പെട്ടെന്ന് സ്നേഹഭാവത്തിന്റെ കോണുകളിൽ കുറെ കുഞ്ഞു മുഖങ്ങൾ പ്രത്യക്ഷപ്പെട്ടു. പൂവിനടുത്തേക്കു പറന്നെത്തുന്ന ചിത്രശലഭങ്ങളെപ്പോലെ, മാത്യൂസിന്റെ അടുത്തേക്ക് അവർ ഓടിയെത്തി. കൈയ്യിൽ കരുതിയിരുന്ന ചോക്ലേറ്റ് പായ്ക്കറ്റുകൾ അയാൾ അവർക്കു നേരെ നീട്ടി.

പലരുടെയും എതിർപ്പുകളെ അവഗണിച്ച് കുറെ അനാഥരായ വേദനയനുഭവിച്ചിരുന്ന കുഞ്ഞുങ്ങൾക്ക് അച്ഛനായതിന്റെ, അമ്മയായതിന്റെ, ഒരു വല്ല്യേട്ടനായതിന്റെ നിർവൃതിയോടെ അയാൾ മുറിയിലേയ്ക്ക് നടന്നു. അപ്പോഴും മനസ്സിന്റെ കോണിലെവിടെയോ, ഉറക്കത്തിൽ നിന്നും ഞെട്ടിയെഴുന്നേറ്റ ഒരു എട്ടു വയസ്സുകാരന്റെ അമ്മേ എന്നുള്ള നിലവിളി പ്രതിധ്വനിക്കുന്നുണ്ടായിരുന്നു....



# DO YOU KNOW ????

1. The name of all the continents ends with one same letter that they starts with.
2. Honey is the only food that doesn't spoil.
3. Albert Einstein never learned how to drive a car.
4. The average person spent 14 years of his life in sleeping.
5. The Cigarette lighter was invented by before the match.
6. The animal (insect) responsible for one most human deaths world wide is the mosquito.
7. Bullet proof vests, fire escapes window shield wipers and laser printers were invented by woman.







കലം തല്ലിപ്പൊട്ടിക്കൽ


Paper race


ചാക്കിലോട്ടം



Musical Chair


Musical Chair


കലം തല്ലിപ്പൊട്ടിക്കൽ

# NCC

NCC Cadets at Parade







U/O Mani Joy
Participant of TSC Delhi





Cadets of the year 2011-12

# NCC

Trekking to Wagamon











Winners of Idukki Dist Republic Day Parade Competition








# MORALITY AND EDUCATION

Linjo K Daniyal

What is morality? In our day to day life, an understanding of the process of living helps us to form the basic values of our life. Religious, political and social circumstances influence the conduct of the people. But these factors cannot resolve the complexities of the common. Reformations are plenty but there is growing confusion.

Social changes produced tyrannies and power is transferred into the hands of a different group. As a result the confusion in the understanding of moral values also increased. To get freedom from anxieties and frustrations, we must have an outlet.

Here we search in our mind to get a solution. The knowledge that we get from right education and the total development of thought will make a revolution in our minds. Envy breeds anti-social activities and over confidence do not see the sufferings of the poor. An ordinary individual aims at taking degrees and assuring a government job. They brood upon their anti-human policies, and again another form of confusion arises. Morality loses its hold on the conscience of our society.

Education at intellectual, emotional and psychological levels will help our people to think in the right way. Parents are indifferent to the cultivation of morality in the minds of their children. The desire to secure position and possession makes society corrupt. An atmosphere of happy affection and thoughtful care will encourage the learning of morality. A feeling of security cultivates the feeling of dependency without fear. Relationships must be based on confidence and communication should be in a natural way. Younger people must have respect for elders and that should be genuine. An unselfish response to nature is the best way to learn morality. A sensible teacher can fill sensibility in the minds of his students.

Religious and other social organizations give commandments and rules to improve morality. The search for God and his instruction will lead us to universal truth-Equality. Equality and fraternity are not mere words but they are universal truths. God's love penetrates into man and it spreads like the perfume of a flower. A teacher transfers his modesty, courtsey, and patience to the minds of his students. He reminds his students to recognize nature as their "nurse, the guide, the guardian of heart and soul of all moral being..."



by Christeena Aby





# അടർന്നുവീഴുന്ന ജീവിതവസന്തങ്ങൾ



Sr. Rini Antony
ES4

ശിലായുഗത്തിൽ നിന്നും ന്യൂക്ലിയാർ യുഗത്തിലേക്ക് എത്തിയപ്പോൾ ഉപഭോഗ സംസ്ക്കാരത്തിന്റെ ആർത്തി സംസ്ക്കാരത്തിന്റെ വക്താവായി നിലകൊള്ളുന്ന മനുഷ്യൻ. ജീവിതത്തിന്റെ തുറകളിലെല്ലാം ആധുനിക മാധ്യമങ്ങളുടെ ഒരു കേളീവിലാസമാണ്. ലോകത്തിന്റെ ഉയർച്ചയും താഴ്ച്ചയും ഇന്ന് മനുഷ്യൻ കൈയടക്കിയിരിക്കുകയാണ്. മനുഷ്യജീവന് വിലയില്ലാത്ത അവസ്ഥ. എങ്കിലും മനുഷ്യൻ തന്റെ മൂല്യതകർച്ചയെക്കുറിച്ച് ചിന്തിക്കാറില്ല. മദ്യവും മറ്റ് അശ്ലീല പ്രവർത്തനവുമായി നടക്കുന്നവർ, സമൂഹത്തിൽ തന്റെ നില ഉയർത്തുന്നതിനുവേണ്ടി കുടുംബവും ബന്ധവും മറന്നു നടക്കുന്ന പിതാക്കൻമാർ, സ്വന്തം കുഞ്ഞ് വിശന്ന് കരയുമ്പോൾ അവരെ താലോലിക്കാതെ പരിഗണിക്കാതെ ആയമാരെ ഏൽപ്പിച്ച് ക്ലബിലേക്കായും ജോലിക്കായും ഓടുന്ന അമ്മമാർ, ഇവർക്കിടയിൽ ഒരിറ്റു സ്നേഹത്തിനു വേണ്ടി ദാഹിക്കുന്ന വേഴാമ്പലുകൾ.



ഒരു കുട്ടി ജനിച്ചു കഴിഞ്ഞാൽ അവനെ എഞ്ചിനീയറാക്കണമെന്നോ ഡോക്ടറാക്കണമെന്നോ ഉള്ള ദുരാഗ്രഹമാണ് മാതാപിതാക്കൾക്കുള്ളത്. അതിൽകുറഞ്ഞ ഒന്നിലും അവർ ലക്ഷ്യമിടുന്നില്ല. അവന്റെ ആത്മീയ ജീവിതം പോലും പരിഗണിക്കുന്നില്ല. അവന്റെ താൽപര്യവും കഴിവും ഏതിലാണെന്ന് കണ്ടുപിടിക്കാൻ ശ്രമിക്കുന്നതിനു പകരം പുസ്തകങ്ങളുടെയും ട്യൂഷന്റെയും ചിട്ടയുടെയും ഭാരം അവന്റെ തലയിൽ വച്ച് കൊടുക്കുന്നു. തൻമൂലം നമ്മുടെ കുട്ടികൾക്ക് സ്വന്തം വ്യക്തിത്വം നഷ്ടപ്പെടുകയാണ്. ഏറെ നിബന്ധനകൾ നിറഞ്ഞ സ്കൂൾ അന്തരീക്ഷത്തിൽ നിന്നും വിലക്കുകളില്ലാത്ത കലാലയങ്ങളിലേക്കുള്ള മാറ്റം സ്വപ്നങ്ങൾ പൂക്കുന്ന യൗവനം. ഉന്നതവിദ്യാഭ്യാസം എന്ന ലക്ഷ്യവുമായി അങ്ങോട്ട് കടന്ന് ചെല്ലുന്നവർ എവിടെയാണ് എത്തുന്നത്.

ആദർശരഹിതമായ അക്രമഭരിതമായ വിദ്യാർത്ഥിരാഷ്ട്രീയം, ഫാഷൻ പോലെ നൈമിഷികമായ ക്യാമ്പസ് പ്രേമങ്ങൾ, മദ്യം, മയക്ക്മരുന്നുകൾ...... അങ്ങനെജീവിത വസന്തം ഇവയെല്ലാം ബലിവേദിയിൽ ഹോമിക്കപ്പെടുന്നു.

സ്വന്തം കുട്ടികൾക്ക് വേണ്ടി സമ്പാദിച്ചു കൂട്ടുവാനുള്ള വ്യഗ്രതയിൽ നാട്ടിലുള്ള ബോർഡിങ്ങുകളിലും ഹോസ്റ്റലുകളിലും കുട്ടികളെ ഏൽപ്പിച്ച ശേഷം മറുനാടുകളിൽ ജോലിതേടിപ്പോകുന്ന മാതാപിതാക്കളും നാട്ടിലാണെങ്കിൽപ്പോലും സമയക്കുറവിന്റെ പേരിൽ സ്വന്തം കുട്ടികളെ വേണ്ടരീതിയിൽ ശ്രദ്ധിക്കാനാവാത്തവരും, അറിഞ്ഞോ അറിയാതെയോ ഇരുണ്ട വഴികളിലേക്കോ അഗാധകൂപങ്ങളിലേക്കോ ചുവടുവെയ്ക്കുന്ന യുവ ജീവിതങ്ങളെ നോക്കി വിലപിക്കുന്നതിൽ എന്താണർത്ഥമുള്ളത്? ഒരു കുഞ്ഞ് ജനിച്ച് പത്തും പതിനഞ്ചും ദിവസങ്ങൾ കഴിയുമ്പോൾ അല്ലെങ്കിൽ മൂന്നും ആറും മാസങ്ങൾ പിന്നിടുമ്പോൾ അല്ലെങ്കിൽ രണ്ടും മൂന്നും വയസുള്ളപ്പോൾ മാതാപിതാക്കളിൽ നിന്നും വേർപ്പെടുത്തുകയും, അർഹിക്കുന്ന സ്നേഹം കിട്ടാതെ വരികയും ചെയ്യുന്ന കുട്ടികൾ കൗമാരപ്രായമാകുമ്പോൾ, സ്വന്തം മാതാപിതാക്കളിൽ നിന്ന് വേണ്ട സമയത്ത്

കിട്ടാതെ വരുന്ന സ്നേഹം മറ്റെവിടെയോ തേടിപ്പോകുന്നു. നാം ഒന്ന് നമുക്ക് ഒന്ന് എന്ന ശൈലി പുലർത്തുന്ന അണുകുടുംബങ്ങൾ വളർന്നു വന്നതോടെ കുഞ്ഞുങ്ങൾ ഏകാന്തതയുടെയും ഒറ്റപ്പെടലിന്റെയും അഗാധഗർത്തങ്ങളിൽ വീണ്, ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ദുരുപയോഗിക്കുന്ന കാഴ്ച വിരളമല്ല. വിദേശത്തു നിന്ന് ഡ്രാഫ്റ്റിന്റെ രൂപത്തിലാണ് അവർക്ക് സ്നേഹവും വാത്സല്യവും ലഭ്യമാകുന്നത്. അവർക്ക് ലഭിക്കാത്ത സ്നേഹവും വാത്സല്യവും സംരക്ഷണവും പാൻമസാലയും കഞ്ചാവും ബ്രൗൺഷുഗറും മദ്യവും



വീഡിയോ പാർലറുമൊക്കെ നൽകുമെന്ന് അവർ വ്യാമോഹിക്കുന്നു. ഇങ്ങനെയുവതലമുറകൾ വഴി തെറ്റുന്നുവെങ്കിൽ അതിന് ആരെയാണ് പഴിക്കേണ്ടത്.

യുവജനങ്ങളാണ് ഓരോ നാടിന്റെയും ശക്തി എന്ന തത്വം നിലവിലിരിക്കെ യുവജനങ്ങൾ സ്വയം നശിക്കുന്നത് വേദനാജനകമാണ്. യുവതലമുറയുടെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുവാൻ നാം ബാദ്ധ്യസ്ഥരല്ലേ..? മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വീര്യത്തെ അതിജീവിക്കാൻ ഒരു ശക്തിയേ ഈ ലോകത്തുള്ളു.. സ്നേഹം.. മക്കൾക്ക് നൽകേണ്ടത് പണവും, സുഖസൗകര്യങ്ങളും മാത്രമല്ല. ഒരല്പം സ്നേഹവും, സാമിപ്യവും നല്ല മൂല്യങ്ങളും നല്ല മാതൃകകളും പ്രോത്സാഹനവുമാണ്.

മഞ്ഞുവെള്ളം തോർന്ന് ഉണർന്നെണീക്കുന്ന കാമ്പസിലെ പുൽക്കൊടികൾക്കൊപ്പം നമ്മുടെ വിദ്യാർത്ഥികളും ഉണരേണ്ടിയിരിക്കുന്നു. മയക്കത്തിൽ നിന്ന് അജ്ഞതയിൽ നിന്ന് അനിവാര്യമായ മാറ്റം ചുവട്ടിൽ നിന്നേ തുടങ്ങണം - കുടുംബത്തിൽ നിന്ന് , അധ്യാപകരുടെ മനസ്സിൽ നിന്ന്. കുടുംബത്തിന്റെ അശാന്തി വിദ്യാർത്ഥികളിൽ തിന്മകളുടെ തുടക്കമിടുന്നു എന്ന സത്യം വിസ്മരിച്ചുകൂടാ. കുടുംബത്തിൽ സമാധാനത്തിന്റെയും ഭദ്രതയുടെയും നെയ്ത്തിരികൾ കത്തിച്ചു കൊണ്ട് ഉയർന്ന ലക്ഷ്യബോധമുള്ള നല്ല വ്യക്തിത്വത്തിന്റെ ഉടമകളാക്കി നമ്മുടെ യുവതലമുറയെ വളർത്തിയെടുക്കുവാൻ നമ്മുടെ ഓരോരുത്തരുടെയും സഹകരണം ആവശ്യമാണ്.





# എന്നിലെ വെളിച്ചം

ഓർമ്മയിലെന്നും ജ്വലിച്ചിടുമെന്നിൽ
പുഞ്ചിരി തൂകുന്നൊരീ വദനം
എന്നുമെൻ കണ്ണിൽ വെളിച്ചമായ് മുന്നിൽ
നിൻ മിഴിതന്നിലെ ആ ലാളനം
എന്നും എന്നുള്ളിൽ നിറഞ്ഞിടും സ്നേഹമെ
ഗുരുവേ നിനക്കെന്റെ സ്നേഹബാഷ്പം
കാഴ്ചതൻ ഉള്ളിലെ ഉൾക്കാഴ്ച കാണാൻ
എന്നെ പഠിപ്പിച്ചൊരെൻ സ്നേഹമെ
തിന്മ തൻ അഗ്നിയിൽ വെന്തുരികീടുന്ന
നന്മതൻ മക്കളെ നീയറിഞ്ഞു
നൽവഴി കാട്ടുവാൻ നീ കനിഞ്ഞു
അക്ഷമരായി വലഞ്ഞിടും മക്കൾക്ക്

വിനയത്തിൻ ദീപ്തിയായ് നീ വിളങ്ങി
കണ്ണീരു പൊടിയുന്ന വേളയിൽ എന്നുമെൻ
മിഴിനീരു മായ്ക്കുന്നൊരാശ്വാസമായ്
പോരാടി നേടുവാൻ വെമ്പുന്ന വേളയിൽ
ഉത്സാഹമേകും നൽ സുഹൃത്തായ്
സ്നേഹമാം നോക്കിനാൽ എൻ നന്മയെക്കണ്ട
ഗുരുവേ നിനക്കെന്റെ സ്നേഹാദരം
എൻ പൂജാബിംബങ്ങളിൽ ഞാൻ കണ്ടൊരീ
എൻ ഗുരു തന്നുടെ ആ മഹത്വം
എന്നിൽ തെളിഞ്ഞിടും സ്നേഹമേ നീയെന്നും
എൻ ജീവിതത്തിന്റെ നൽവെളിച്ചം



പ്രിയ അഗസ്റ്റിൻ
MS4



# LOVE OR LUST

**Fathima Begum**
IInd MA

He loves me, He loves me not,
The dilemma of the day

Throbbing their brains each second of the day
The well advanced modern civilization of today

Their children run to and fro,
Their minds caught in a roller-coaster ride

Unable to tell between love and lust
The dilemma of the day

What is love? What is lust?
Can anybody say?

Children caught in the false net of these
The confusion of the day

Parents or lovers, whom would you say
Whom to make proud and whom else to shame.

Undecided decisions run all the way
And finally put parents to dismay

Entangled and intertwined the mix all day
At home they think of the activities of the day

At night they ruminate the events of the day
And dream all that should happen right the next day

Fake words of love they blindly believe
True words of wisdom they never take heed

Falsehood or truth, what shall ultimately prevail?
Truth of all, wisdom all the way

Only parents and no one else
Too concerned of your welfare

Teach your self to know yourself
And know what's best for you always

Love to live and live to love
But choose wisely just whom to love

Live your life and let them live,
Your guardian angels destined by Him

Give respect and take respect
And respect the ones who need respect

Love once lost is hard to get
So better choose today love or lust





# True Friendship – A Blessing

All of us need friends. An English poet said, 'A friend in a market is better than money in the chest', for money in the chest is quickly spent, but the good will and aid that a friend can provide are never exhausted. A true friend helps us in our difficulty. But true friendship can last only between equals. The person who has a good friend can consider himself blessed. Usually a person cultivates friendship with another person of the same status, profession, wealth, interest and aptitude. If we are warm and friendly ourselves, it will be easy to make friends and what is most important is to keep them. Friendship demands mutual understanding and mutual adjustments.

There is a saying "A friend in need is a friend indeed" we all need a friend though we wish to be lonely; for it's only to a close friend that we share much of our feelings. There is a policy of give and take in friendship. There is a famous proverb like this 'Friends are like fiddle strings, don't screw it too tight'. Now how do we select a real good friend? We cannot assess a friend by his external appearance. Appearances are often deceptive. We find that our friends vanish when we are in need of help. That is what we see in our day-to-day life. A sincere friend is prepared to risk anything for our own sake. They are never selfish or dishonest but always true in their friendship.

Friendship is the result of the reconciliation of the interests of the two. Friendship is a continuous process to be renewed often and this renewal is possible only if there is a mutual understanding and mutual help between the two. So it is very essential that each of us must have a close friend and keep such a friend as it has got many advantages. So friends, once we acquaint with a true friend we can consider ourselves blessed.



**Bhaveesh K.P.**
Bs2





# ആ പ്രണയ പുഷ്പത്തിനായ്...

മനസിൽ വിരിയുന്ന മഞ്ഞുപുഷ്പങ്ങൾ
പ്രണയത്തിൻ തോണിയിൽ തുഷാരബിന്ദുക്കൾ
ആ പ്രണയത്തിൽ തേൻ നുകരാൻ
ഒരു വർണശലഭമായെന്നിൽ അണയാൻ
വരില്ലേ തോഴാ നീയൊരിക്കലും
നീറുമെൻ പ്രാണനിൽ സാന്ത്വനമായ്
അടരുന്ന പൂവിൻ സുഗന്ധമായ്
നിഴലും വെളിച്ചവും കെട്ടുപിണഞ്ഞ കലാലയ ജീവിതം. ആ വസന്തകാലം അവസാനിക്കുന്നതിനു മുൻപ് ഇരമ്പിയെത്തിയ വർഷകാലം .അത് അവളുടെ ജീവിതം തന്നെ മാറ്റിമറിച്ചു. കുടുംബത്തിന്റെ പ്രാരാബ്ധം തന്നിൽ മാത്രം നിക്ഷിപ്തമായപ്പോൾ ഒരു ജോലിക്കു വേണ്ടി അലഞ്ഞതിന്റെ തിക്താനുഭവങ്ങൾ. . . . ഒടുവിൽ ഒറ്റപ്പെടലിന്റെ തീവ്രത . . . ആ വേനലിലേക്ക് ഒരു മഴമേഘമായി വന്നതായിരുന്നു കിട്ടു. ഒടുവിൽ ആ വർഷമേഘവും പെയ്തൊഴിഞ്ഞപ്പോൾ ഒന്നു കരയാൻ പോലും കഴിയാത്ത നിർവ്വികാരത. കുഞ്ഞിളംകാറ്റ് തന്റെ മെയ്യിൽ തഴുകുമ്പോൾ ആത്മാവിൽ നിന്നുയരുന്നത് നഷ്ടബോധത്തിന്റെ തിരിച്ചറിവോ ? നഷ്ടമായതിന്റെ വിങ്ങലോ ? എങ്ങും മൂകതമാത്രം . അവളുടെ മനസ്സിൽ ഭയത്തിന്റെ നാമ്പുകൾ അംഗുരിച്ചു. കണ്ണുനീർവീണു നനഞ്ഞ പുസ്തകം മടക്കി വെച്ച് കുടിലിലേക്ക് കയറുമ്പോൾ മനസ്സുപിടഞ്ഞു. അപ്പോൾ ചെടിയിലിരുന്ന മഞ്ഞുതുള്ളിയും തേങ്ങിയോ???..







# BAD LUCK



Rafeekka Jabbar
PS2

There once lived a young girl. Her name was Kelly. Kelly was just 15 years old; Smart, pretty, respectful, and just a loving person. She lived in a poor family. Her family had not enough money to keep them under a roof. Their family was falling apart. Kelly, one night had a huge argument with her family. She didn't want to be a part of her family anymore. She just gave up because of her lifestyle.

Her mother and father were educated people, but they did not make it through high school or college. They had no education after middle school. Kelly blamed her parents for not taking education seriously and doubted whether her family is a normal family.

One day she decided to leave. Arguing over random things with her parents made her leave for good. Of course a 15 year old wouldn't know where to go besides a friend's house.

Her friend, Malia, had just packed. She packed to moved. Moving somewhere far with her family because of the troubles they had with the community.

Now Kelly had nowhere to go.

She's now outside on the streets at night in the middle of November. The holidays are coming up and she didn't know what to do. So she decided to join some people living on the streets. They seemed scary and mortified that a



young girl would stay with them. She was scared also but she didn't want to turn back home. Her back was already turned towards her family.

"You got quite some little bags there lady. Why are you out here?" a homeless man said to Kelly.

"I will have to live life like yours. Teach me how to survive here."

"I can't. I don't even know how to survive life like this. My parents threw me out here when I was 8. Now look at me. Crinkled and old at 45."

"I'll be walking then," said Kelly.

As she walked she thought of her family.

"Why did I leave? I'm crazy to be here aren't I?" Kelly said to herself. She just cried on the streets. She was crazy.

Crossing a red lighted road wasn't her best move.

As she walked in the cold weather she made a fall. A fall she never wished to happen.

She laid there on the cold hard ground. Her ears swelling and her nose dripping with blood. She cried and cried hoping someone would help her off her feet. She cried but thought of a person whom she liked. Whom she knew would help her. She cried and said his name aloud in hushed silence.

"Joel." She repeatedly said his name over and over again. She heard the sound of some footsteps. Someone grabbed her up and carried her to the nearest bench. She opened her wet eyes.

She hoped it wasn't the homeless man who carried her. She looked afar.

"KELLY!" she heard someone call. It was Joel calling her. He saw her limp body on the bench.

"Joel. You're here. Where were you? Who carried me here?" she whispered as tears rolled down her cheek.

"I don't know, but I have to get you back."

"Back home? I can't go there. My parents are not responsible enough to take care of me. Take me someplace where I can be safe. Take me anywhere but home."

"Okay. Just sit here and I'll be back in a quick second."

She gave him a small nod and he left.

Kelly looked on the street, the spot where she laid, and saw something shiny. She walked to the shiny object and picked up a silver locket. She opened the locket and read aloud, "To my darling girl. Dad and I will always love you and save you." She looked over the picture of her and her parents. She was about two year old in the picture.

She held onto the locket for dear life.





She didn't know what would surround her but she just cried. Flashing lights took over and Joel ran. He ran as fast as he could to save her. Save her from this life she would not want. Save her from dying. Horns and loud shouts were thrown at Kelly to alert her. She sat in her little seat on the streets.

He came too late. Her family was late. She cried softly. Joel cried whisperingly. And the driver cried in remorse.

Joel finally reached her. He held onto her for life. He couldn't see what would go wrong. He couldn't picture his life not seeing her everyday at school

Ambulances and police cars darted through the scene. Kelly was rushed to the hospital and police were trying their best to get a hold of her parents. No call was ever made since her family did not own a telephone.

It was very late. She had gone. And she knew she regretted every moment of those fights. Joel finally got her parents to the hospital. They were devastated and hurt. They regretted not going after their one and only daughter.

Five days later, Kelly's funeral was set. She was buried in the back of her parents' house. They couldn't afford a spot at the cemetery. Everyone said their goodbyes and told her stories.

Joel said his goodbyes and his misses. He held out something shiny and put it on her left finger. He had missed her dearly.

Watching down upon everyone was Kelly in spirit. Her eyes were red from the constant crying. She held up her left finger and held onto the ring she had felt. She felt her family's remorse and cried along with them from the sky. She was gone and she regretted every moment of it.



# ജീവിതയാത്ര

ഒരു പുലർക്കാല വേളയിൽ
മഞ്ഞിൽവിരിയും പൂവുപോലെ
ഒരു കുഞ്ഞു നൈർമ്മല്യ സുഗന്ധമായി
ഈ മണ്ണിൽ നീ പുനർജനിച്ചു
നിന്നിൽ കുടികൊള്ളും ജീവനിൽ
ഭൂമി തൻ ശ്വാസം അടങ്ങി നിൽപ്പൂ
ഭൂമിയാം അമ്മതൻ മടിതട്ടിൽ
തലചായ്ച്ചു നീ നിദ്രകൊള്ളവെ
ആ അമ്മ തൻ സ്നേഹം നീ തിരിച്ചറിയൂ..
ഒരു വിടവാങ്ങലിനോടടുക്കും വരെ
നിൻഗന്ധം ഈ മണ്ണിൽ നിറഞ്ഞു നിൽപ്പൂ..
വിട വാങ്ങും നേരത്ത്
വാടികൊഴിഞ്ഞ ഒരു പൂവുപോലെ..
ഭൂമി തൻ മടിത്തട്ടിൽ
നീ തലചായ്ച്ചുറങ്ങുക
ഒരു കുഞ്ഞുമണൽതരിപ്പോലെ...



Meenu Jacob
Bs4










# പോസ്റ്റ്മാന് കിട്ടിയ ന്യൂ ഇയർ കാർഡ്

Ashamol Sasi
1st BSc Chemistry

ഒരു പോസ്റ്റ്മാന് ഒരു സംവത്സരാശംസാ കാർഡ് കിട്ടി. പോസ്റ്റോഫീസിൽ തന്നെ അത് വാർത്തയായി. വർഷങ്ങളായി ആയിരക്കണക്കിന് നാട്ടുകാർക്ക് ക്രിസ്തുമസ്സ് കാർഡും ന്യൂ ഇയർ കാർഡും വിതരണം ചെയ്തിട്ടുള്ള സുകുമാരൻ നായർക്ക് ആ വെളുത്ത കവർ കിട്ടിയപ്പോൾ തുറക്കാൻ ധൃതിയായി. മേൽവിലാസം തെറ്റിയിട്ടില്ല എന്നുറപ്പു വരുത്തിയിട്ട് തുറന്നപ്പോൾ താങ്കൾക്കും കുടുംബത്തിനും ഐശ്വര്യ സമൃദ്ധമായ ഒരു പുതുവർഷം നേരിടുന്നു എന്ന വാക്യം അച്ചടിച്ചിട്ടുള്ള ഒരു കാർഡ്. അയച്ചത് ഒരു തോമസ്. ഇനിഷ്യലിൽ നിന്ന് ആളെ മനസ്സിലായി. ആൾ മുതിർന്ന പൗരൻ. റിട്ടയേർഡ് ജീവിതം നയിക്കുന്നു. കാണുമ്പോഴൊക്കെ വിശേഷം അന്വേഷിക്കും. അതിൽ കൂടിയ സ്നേഹബന്ധമൊന്നുമില്ല. തോമസ് സർ എന്ന് സുകുമാരൻ നായർ അദ്ദേഹത്തെ വിളിച്ചിരുന്നു.

പിറ്റേ ദിവസം തമ്മിൽ കണ്ടു. കൈകൂപ്പി അദ്ദേഹത്തിനു മുമ്പിൽ നിന്ന് നല്ലവണ്ണം ഒന്നു ചിരിച്ചു. സാറയച്ച കാർഡ് കിട്ടി. സന്തോഷവും അത്ഭുതവും തോന്നി. എനിക്കു ജീവിതത്തിലാദ്യമായി കിട്ടിയ ന്യൂ ഇയർ കാർഡാണ്. ഇങ്ങനെ എന്നെ ഓർക്കുവാൻ എന്തായിരിക്കും കാരണമെന്ന് ഞാൻ ചിന്തിച്ചിട്ട് ഒരുത്തരം കിട്ടുന്നില്ല. സർ എന്നെ അത്ഭുതപ്പെടുത്തി കളഞ്ഞു. എന്റെ കുടുംബാംഗങ്ങൾ ആ കാർഡ് കണ്ട് വളരെ സന്തോഷിച്ചു. സാറിന് ഒരായിരം നന്ദി. സാറിനും കുടുംബത്തിനും ഈശ്വരൻ ഒരു നല്ല പുതുവർഷം പ്രദാനം ചെയ്യട്ടെ.

തോമസ് സർ പറഞ്ഞു, നമ്മുടെ ജീവിതത്തിൽ ഇങ്ങനെയെന്തെങ്കിലും ഒന്നു ചെയ്യുമ്പോഴാണ് യാർത്ഥ ആനന്ദം ഉണ്ടാകുന്നത്. എന്റെ കാർഡ് താങ്കളെ ആഹ്ളാദിപ്പിക്കുന്നുവെന്നും അത്ഭുതപ്പെടുത്തുമെന്നും എനിക്കറിയാമായിരുന്നു. എത്രയെത്ര പേർക്കാണ് താങ്കൾ ഓരോ വർഷവും ആശംസാകാർഡുകൾ എത്തിച്ചു കൊടുക്കുന്നത്. പുതുവർഷം താങ്കൾക്കുമുള്ളതല്ലേ? ആശംസകൾ താങ്കൾക്കും ലഭിക്കേണ്ടതല്ലേ? എന്നാൽ സാധാരണ ഗതിയിൽ പോസ്റ്റ്മാന് ആരും കാർഡയയ്ക്കാൻ ഓർക്കാറില്ല. ഞാൻ ഇത്തവണ അത് ചെയ്തു. വായിച്ച ഒരു പുസ്തകത്തിൽ നിന്നാണ് ഈ ആശയം കിട്ടിയത്.

എന്തെങ്കിലും നൽകി ഒരാളെ സന്തോഷിപ്പിക്കാൻ സാധിക്കുമ്പോൾ നമുക്ക് പ്രത്യേകമായി ഒരാനന്ദം അനുഭവമടുന്നു. 90 വയസ്സു തികഞ്ഞ എന്റെ ഗുരുനാഥന് ഞാനൊരു കാർഡ് അയച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രിയ ശിഷ്യനായിരുന്നു ഞാൻ. അദ്ദേഹത്തിന്റെ വീട്ടിൽ ഒന്നു പോയി കുറെ പൂക്കൾ സമ്മാനിക്കാം.

ഒരു കൊച്ചു കാര്യം ചെയ്യണമെന്ന് തോന്നിയാൽ അത് ചെയ്യാൻ താമസിക്കരുത്. അത് മറ്റൊരാൾക്ക് നൽകുന്ന സന്തോഷം നിങ്ങളുടെ സന്തോഷം ഇരട്ടിപ്പിക്കുന്നു. ഇതാണ് തോമസ് സർ ആ പുസ്തശത്തിൽ വായിത്. ഒന്നു കൂടെ ഉണ്ടായിരുന്നു.ഒരാളെ അത്ഭുതപ്പെടുത്തുക. അതായത് താങ്കൾ പ്രതീക്ഷിക്കുന്ന ഒരു കാര്യം ചെയ്യുക. അതിലെ ആനന്ദം നാലിരട്ടിയാണ്.




# Why do students fail in exam?

It is not the fault of the student. If he/she fail because the year has only 365 days!

Days in yea r= 365
Sundays = 52(sundays are meant for rest)
Days left = 313
Summer holidays=50(weather is very hot, so it is difficult to study)
Days left = 263
8 hours for sleep daily(necessary) means 122 days a year
Days left = 141
1 hour for daily routine means 15 days
Days left = 126
2 hours for daily food(chew properly) means 15 days
Days left = 81
Exam days per year atleast 35 days (giving exam is necessary)
Days left = 46
National festival holidays = 40 days (holidays are for enjoying)
Days left = 6
For sickness atleast 3 days (environment is 80% polluted)
Days left = 3
Movies and functions atleast 2 days
Days left = 1
That day is your birthday. So how can a student get time to study?
How can a student pass???????

Ansalna Sidhic
Ms4



## Publishing the Dept. Magazine


ZEPHYR - LITERATURE


KALINGA - HISTORY


IMPRESSARIO - ECONOMICS


CHIASMA - ZOOLOGY


GULZAR - BOTANY


PLUS - MATHEMATICS


DHADKAN - PHYSICS


REFLECTIONS - CHEMISTRY




Department of English 1st Prize

Kiran Jose

Department of Economics

Jordi John

Department of Physics IInd Prize

Merin Michael

Department of Botany

Saranya M. Shaji

Department of Mathematics IIIrd Prize

Deepthi Joseph

Department of Chemistry

Athira K.B

Department of Zoology

Bany Joy

Centre for Women Empowerment

Bessy Bose

Department of History

Amal T.S.

NSS

Sijo Jose



# കനിവു തേടുന്ന പ്രകൃതി



അമ്മ എന്ന രണ്ടക്ഷരത്തിന്റെ അർത്ഥ വ്യാപ്തി പോലെ തന്നെ നാം ജീവിക്കുന്ന പരിസ്ഥിതിയും നമ്മുടെ ജീവിതത്തോട് ബന്ധപ്പെടുത്തി നോക്കുമ്പോൾ, ആഴമേറിയ അർത്ഥവും പ്രാധാന്യവും നല്കുന്നതത്രേ.

നിറപ്പകിട്ടാർന്ന പച്ചപ്പുൽമേടുകളും ഇടതൂർന്നു നിൽക്കുന്ന വൃക്ഷലതാദികളും പക്ഷിമൃഗാദികളുടെ കളകളാരവങ്ങളും കൊണ്ട് ശോഭിതമായിരുന്ന പരിസ്ഥിതിയുടെ ആനന്ദശബ്ദം മുഴങ്ങികേട്ട കാലഘട്ടം ഏതാനും വർഷങ്ങൾക്കു മുമ്പ് കാണാൻ സാധിച്ചിരുന്നു. ഇന്നിന്റെ സ്ഥിതി എന്ത് എന്ന ചോദ്യത്തിനുത്തരം ഖേദകരം തന്നെ. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ മാസ്മരിക ലോകത്തിൽ ജീവിക്കുന്ന നമുക്ക് കടന്നു പോകുന്ന വഴികളിൽ ചിന്തിക്കാൻ ഒരുപാട് നുറുങ്ങ് ചിന്തകൾ ഉണ്ട്. അസാദ്ധ്യകാര്യങ്ങൾക്കു മുമ്പിൽ സാദ്ധ്യതകളുടെ ഒരു തിരിവെട്ടവുമായി ലോകം കുതിക്കുമ്പോൾ നമ്മെ താങ്ങി നിർത്തുന്ന പരിസ്ഥിതിയുടെ കാര്യം മറന്നു പോകുന്നത് ദു:ഖപൂർണ്ണമല്ലേ?

കെട്ടിടങ്ങളും റോഡുകളും വാഹനങ്ങളും മറ്റ് സാങ്കേതിക വിദ്യകളും നമുക്കാവശ്യമെങ്കിലും ആത്മ നിർവൃതിയോടെ കണ്ണോടിക്കാവുന്ന പ്രകൃതിയുടെ രൂപരേഖയ്ക്ക് മാറ്റം വരുത്തുന്നതിൽ മത്സരിക്കുന്നത് സമ്മാനർഹമല്ലായെന്നതിൽ സംശയമില്ല. അവസ്ഥ ഇന്ന് വിപരീതമായികൊണ്ടിരിക്കുമ്പോൾ ഇന്നത്തെ കാലഘട്ടത്തിനു വേണ്ടി, അതെ സ്വന്തം നിലനില്പിനു വേണ്ടി, നിലവിളിക്കാനാവാത്ത പരിസ്ഥിതിയുടെ സുസ്ഥിതിക്കുവേണ്ടി ഉണർന്നു പ്രവർത്തിക്കേണ്ടു ന്നതിന്റെ ആവശ്യകത അടുത്തെത്തിയിരിക്കുന്നു.



Sr. Dhanya F.C.C
LS 6

കാടും കാട്ടാറുകളും തിങ്ങി നിറഞ്ഞ നമ്മുടെ പ്രകൃതിയുടെ സൗന്ദര്യം ഇനി ഭാവനയിൽ മാത്രം. അല്ല, ഭാവനയിൽ നിന്നു വിരിഞ്ഞ് ചിറകു മുളച്ച് പറന്നുയരണം. പ്രകൃതിയെ മനോഹരമായി അണിയിച്ചൊരുക്കിയ അദൃശ്യകരങ്ങൾ ദർശിക്കുന്ന ഒരു ലോകം കെട്ടിപ്പെടുക്കുവാൻ നമ്മുടെ പരിശ്രമം അത്യന്താപേക്ഷിതമാണ്. അസ്വസ്ഥതയുടെ അഗ്നിയിൽ ആളുന്ന മനുഷ്യ മനസ്സുകൾ പ്രകൃതിയിലെ ശാന്തതയുടെ താളങ്ങൾ കേൾക്കട്ടെ. മാർബിൾ കൊട്ടാരങ്ങളിലും അത്യാധുനിക സൗകര്യങ്ങളിലും ജീവിക്കുമ്പോൾ പുറമെയുള്ള പ്രകൃതിയുടെ വർണ്ണനാതീതമായ സൗന്ദര്യത്തിന്റെ അസ്വാദ്യത അനുഭവിക്കുവാൻ മറക്കാതിരിക്കട്ടെ വളർന്നു വരുന്ന യുവ തലമുറ. പ്രകൃതിയും പ്രകൃതി വിഭവങ്ങളും വിലപ്പെട്ട സമ്പത്താണ്. വിലപ്പെട്ടതാണ് തന്റെ കൈക്കുമ്പിളിൽ ഇരിക്കുന്ന നിധി എന്ന തിരിച്ചറിവുള്ളവൻ അത് നഷ്ടപ്പെടാ തിരിക്കാൻ കണ്ണും കാതും തുറന്ന് പ്രപഞ്ചത്തി ലൂടെ യാത്ര ചെയ്യും.

മനുഷ്യന്റെ കനിവു തേടി അലയുന്ന പരിസ്ഥിതിയ്ക്ക് ഇന്നത്തെ തലമുറയോട് പറയാനുള്ളത് ഒന്നു മാത്രം. നമ്മുടെ ജീവനും സുരക്ഷയ്ക്കും വേണ്ടി - പ്രപഞ്ചത്തെ സ്നേഹിക്കുക, ആസ്വദിക്കുക - ഒരിക്കലും മലിനമാക്കാതിരിക്കുക ഇതാണ് നമ്മുടെ അവകാശങ്ങളേക്കാൾ ഉപരി കടമ.









# അമൃതവർഷിണി

സംഗീതത്തിലെ ഒരു രാഗമാണ് അമൃതവർഷിണി. ഏത് രോഗങ്ങൾക്കും, വേദനകൾക്കും ആശ്വാസമാകുന്ന ഔഷധമാണ് സംഗീതം. എന്റെ വിഷയം സംഗീതമല്ല. പക്ഷേ ആധുനിക വൈദ്യശാസ്ത്രം നിസഹായമായി നോക്കിനിൽക്കുന്ന Brittle Bone Disease എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന Osteogenesis Imperfecta എന്ന ജനിതക രോഗമാണ്, ആ രോഗത്തിന് വിധേയരായ ജീവിതങ്ങൾ, അവരുടെ വേദനകൾ, സ്വപ്നങ്ങൾ ഇതെല്ലാമാണ് എന്റെ ചിന്താവിഷയം. ആ ജീവിതങ്ങൾക്ക് വെളിച്ചം പകരാൻ, അവരുടെ മനസിൽ അമൃവർഷമായി മാറിയ ഒരു സാമൂഹ്യ സംഘടനയാണ് അമൃതവർഷിണി. Brittle Bone രോഗത്തിന് വിധേയരായവർക്ക് വേണ്ടി കേരളത്തിൽ രൂപം കൊണ്ട ഈ സംഘടനയെപ്പറ്റിയും, അതിലെ അംഗങ്ങളുടെ ജീവിതത്തെപ്പറ്റിയും ഒരു ലഘു അവബോധം നിങ്ങളിൽ ഉളവാക്കുകയാണ് ഈ ലേഖനത്തിലൂടെ ഞാൻ ലക്ഷ്യം വയ്ക്കുന്നത്.

Osteogenesis Imperfecta എന്നത് അപൂർവ്വമായ ജനിതക രോഗങ്ങളിലെ അപൂർവ്വമായ രോഗമാണ്. ബാഹ്യമായ ചെറിയ ആഘാതങ്ങൾ മൂലമോ, അല്ലെങ്കിൽ പ്രത്യേകിച്ച് കാരണങ്ങൾ കൂടാതെ തന്നെ ശരീരത്തിലെ എല്ലുകൾ പൊട്ടുന്ന അവസ്ഥയാണ് ഈ രോഗം. നമ്മുടെ ശരീരത്തിലെ എല്ലാ പ്രവർത്തനങ്ങളെയും രേഖപ്പെടുത്തിയിരിക്കുന്നതും നിയന്ത്രിക്കുന്നതുമായ ഒരു ഘടകമാണ് ജീൻ. ഇതിൽ സംഭവിക്കുന്ന ഒരു നേരിയ ജനിതക വ്യതിയാനമാണ് ഈ രോഗത്തിന് കാരണം. ഈ വ്യതിയാനം മൂലം എല്ലുകൾ അസ്വഭാവികമായി വളരുന്നു. അവയ്ക്ക് സ്വാഭാവിക ദൃഢത കൈവരുന്നില്ല. അതുകൊണ്ട് രോഗിയുടെ എല്ലുകൾക്ക് പെട്ടെന്ന് ക്ഷതം സംഭവിക്കുന്നു. മസിലുകളുടെ അഥവാ പേശികളുടെ പ്രവർത്തനം, എല്ലാം നട്ടെല്ലിന്റെ പ്രവർത്തനം അവതാളത്തിലാകുന്നു. കേൾവിയെ സഹായിക്കുന്നത് ചെറിയ മൂന്ന് എല്ലുകളാണ്. ഈ രോഗം പ്രതികൂലമായി അവയെപ്പോലും ബാധിച്ച് കേൾവിശക്തിപോലും നഷ്ടപ്പെടുത്തുന്നു. Type -II (OI) ബാധിച്ചവർ ശ്വസനപ്രവർത്തനങ്ങളിലുള്ള അപാകതകൾമൂലം ഒരു വർഷത്തിനകം മരണത്തിന് കീഴടങ്ങുന്നു.

OI എന്ന ഈ രോഗവുമായി ജനിക്കുന്ന കുട്ടികൾക്ക് കിടക്ക വിട്ട് എഴുന്നേൽക്കാൻ സാധിക്കില്ല. മറ്റൊരാളുടെ സഹായമില്ലാതെ ചലിക്കുവാൻപോലും സാധിക്കില്ല. ഇന്നുവരെ ഈ രോഗത്തിന് ഒരു ചികിത്സയും കണ്ടെത്തിയിട്ടില്ല. എല്ലുകളുടെ ബലം വർദ്ധിപ്പിക്കുക അതുവഴി എല്ലുകളുടെ ക്ഷതം തടയുക ഇത് മാത്രമാണ് ഇന്ന് അവലംബിക്കാനാവുന്ന ഏക ചികിത്സാരീതി.

നാളുകൾ പിന്നിടുമ്പോഴും ഇത്തരം രോഗികളുടെ ആരോഗ്യനില വഷളായിക്കൊണ്ടിരിക്കും. അവരനുഭവിക്കുന്ന ഈ

വേദനകളെ തരണം ചെയ്യാൻ അവർക്ക് വേണ്ടത് നമ്മുടെ സഹതാപമോ അനുകമ്പയോ ഒന്നുമല്ല. പ്രത്യുത നമ്മൾ നമ്മുടെ ജീവിതത്തിൽ അനുഭവിക്കുന്ന ഓരോ സൗഭാഗ്യവും നമുക്ക് സ്വന്തമല്ലെന്നും, അവയെല്ലാം നമുക്ക് ദൈവം തരുന്ന ദാനങ്ങളാണെന്ന് തിരിച്ചറിഞ്ഞ് ജീവിതത്തിൽ എല്ലാവിധത്തിലും തകർന്ന ആ മനസ്സുകൾക്ക് വേണ്ട ആത്മവിശ്വാസം പകരുകയാണ് നാം നമ്മുടെ കടമയായി കാണേണ്ടത്. അവരെ നാല് ചുവരുകൾക്കുള്ളിൽ ഒളിപ്പിച്ച്, സമൂഹത്തിൽനിന്ന് ഒറ്റപ്പെടുത്താതെ അവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരാൻ നമുക്ക് സാധിക്കും. അവർ ഒറ്റയ്ക്കല്ല എന്ന ആത്മവിശ്വാസം അവരിലേക്ക് പകരാൻ നമുക്ക് കഴിയും.

ഇവിടെയാണ് അമൃതവർഷിണി എന്ന സംഘടനയുടെ പ്രാധാന്യം. ഈ സംഘടനഅവർക്ക് ഒരാശ്വാസ കേന്ദ്രമാണ്. സാമ്പത്തികമായ പരാധീനതകൾ മൂലം തങ്ങളുടെ രോഗികളായ മക്കൾക്ക് വേണ്ടി കഷ്ടപ്പെടുന്ന രക്ഷിതാക്കൾക്ക് ഒരു മാർഗദീപവും കൈത്താങ്ങും ആകുക എന്നത് അമൃതവർഷിണിയുടെ ലക്ഷ്യമാണ്.

ലോകത്തുള്ള എല്ലാവരും ഈ രോഗത്തെപ്പറ്റിയും, അതിന്റെ ദോഷവശങ്ങളെപ്പറ്റിയും മനസിലാക്കേണ്ടത് അനിവാര്യമാണെന്ന് ഈ സംഘടനപറയുന്നു. കൂടാതെ രോഗം തിരിച്ചറിഞ്ഞ് എത്രയും വേഗം ചികിത്സ ആരംഭിക്കേണ്ടത് അത്യാവശ്യമാണന്നും. ഇത് ജനിതകമായി കൈമാറ്റം ചെയ്യപ്പെടാവുന്ന രോഗമായതിനാൽ രോഗവാഹകരായ മാതാപിതാക്കളിൽനിന്ന് മക്കൾക്ക് രോഗം വരാനുള്ള സാദ്ധ്യത 50% ആണ്. അമൃതവർഷിണി എന്ന കുടുംബം ഓരോ ദിവസവും വളർന്നുകൊണ്ടിരിക്കുകയാണ്. നിർഭാഗ്യരായ, സ്നേഹം നിറഞ്ഞ ആ മക്കൾക്ക് വേണ്ടി കുറച്ച് സമയം നീക്കി വയ്ക്കാൻ മനസ്സുള്ളവരെ അവർ സ്വാഗതം ചെയ്യുന്നു. ഈ കുടുംബത്തിന്റെ Boss കുട്ടികളാണ്. ഈ സംഘടനയുടെ പിന്നിലെ പ്രേരകശക്തികളും അവരാണ്. ശാരീരികമായി നിസഹായരാണെങ്കിലും അവർ മാനസികമായി വളരെയേറെ മുന്നിലാണ്. അവരിൽ ഒരുപാട് കഴിവുകളുണ്ട്. അവരുടെ മനസ് വളരെ ഊർജ്ജസ്വലമാണ്. കരകൗശലവസ്തുക്കൾ നിർമ്മിച്ചും, ആഭരണങ്ങൾ ഉണ്ടാക്കിയും, വസ്ത്രങ്ങൾ നെയ്തും മറ്റും സ്വന്തമായി വരുമാനം നേടാൻ വരെ സാധിച്ചവർ ഇവരിൽ ഉണ്ട്. ഇ മെയിൽ സന്ദേശങ്ങൾ വഴിയും, ഫോൺ കോളുകൾ വഴിയും അവർ പരസ്പരം സൗഹൃദവും, സന്തോഷവും, വേദനകളും എല്ലാം പങ്കുവയ്ക്കുന്നു. അമൃതവർഷിണി ഇതിനെല്ലാം അവർക്ക് ഒരു കൈത്താങ്ങായി പ്രവർത്തിക്കുന്നു. അവരുടെ ക്രിയാത്മകമായ കഴിവുകൾക്ക് വേണ്ടുന്ന പ്രചോദനവും, പ്രോത്സാഹനവും ഒപ്പം അവരുടെ കഴിവുകളെ പ്രദർശിപ്പിക്കാൻ സാധിക്കുന്ന വേദികൾ ഒരുക്കുക എന്നതുമാണ് ഇപ്പോൾ സംഘടനയുടെ പ്രവർത്തനങ്ങൾ. പൊതുജനങ്ങളിൽനിന്നുള്ള പ്രോത്സാഹനവും, സഹായ സഹകരണങ്ങളും അവർ പ്രതീക്ഷിക്കുന്നു. ഈ സംഘടനയിലെ കരുത്തുറ്റ ഒരംശമായ ധന്യ രവി രൂപം കൊടുത്ത amrithavarshini. org എന്ന website പ്രവർത്തനമാരംഭിച്ച് കഴിഞ്ഞു. പ്രസ്തുത website ൽ നിന്ന് ലഭിച്ച വിവരങ്ങളാണ് ഈ ലേഖനത്തിൽ പരാമർശിച്ചിരിക്കുന്നത്.

ഭാവിയിലേക്ക് നോക്കുമ്പോൾ വെറും ശൂന്യതമാത്രം നിറഞ്ഞ ആ ജീവിതങ്ങൾക്ക് നമ്മുടെ സുമനസ്സുകളുടെ നന്മയുടെ, സ്നേഹത്തിന്റെ, സൗഹൃദത്തിന്റെ തിരിനാളങ്ങൾ പ്രകാശമായിത്തീരട്ടെ.



Elizabeth Varghese
BS 4







# A voyage to DAM 999

*Dam 999*, released on 25 November 2011 by Warner Bros in both 2D and 3D form is considered to be a film with a lot of implied meanings. Before the release of the movie the novel 'DAM 999' was published and made available in the market by Indra Publishing House. There was an unexpected demand for the novel 'DAM 999' penned by director Sohan Roy and co-written by Naufal Ashraf.




*Dam 999* is a 2011 film produced by Biz TV network, UAE and directed by Sohan Roy. The film is based on the award winning short documentary 'DAMs-The Lethal Water Bombs' and the Banqiao dam disaster of 1975 that claimed the lives of 2,50,000 people in China and the anticipated calamities that may come out of outdated dams in the world.

This film is called an emotional thriller and culturally confused cinema. Though the setting of the plot is in Kerala, the locals are insisted on speaking heavily accented English and whenever the lovers are stricken by the arrow of cupid, songs are played in Hindi. On the background of dam breakage and constituent calamities occurred in china by *Dam 999*, the director draws our attention to the need of diffusing water bombs. He also highlights the specialities of ayurvedic treatment and the local's belief in astrology as ingredients of culture.



Apart from being a controversial movie in India with respect to the theme, the screenplay of the movie was added to the permanent Core collection in the Library of the Academy of Motion Pictures Arts & Sciences before its release in 2011.

***Plot at a glance*** *Dam 999* encompasses around nine characters portraying nine variants of emotions according to the age old classical tradition of indian 'navarassas' and an outdated dam. It begins with the visit of Vinay, the mariner who works in ships, to meet his father Shankaran with an intention- to treat his son Sam who has been affected by diabetes. When Vinay started living with Shankaran and his foster daughter Meera, a bond of love originated between Vinay and Meera. But then they were interrupted by the horoscopic study of Shankaran. He found that whenever they expresed their love towards each other, something terrible may happen. Learning this, Meera heroically sacrificed her love and as a result Vinay married a TV-journalist Sandra. After a long time when Vinay returned home with his son, his special bond developed again with Meera, who reciprocated the feeling as well.

On a parallel track, a corrupt Mayor Durai is fighting an old age dam in his area. Towards the end, a leak is discovered inside the dam and with the heavy storm and rain that hit on the same day, a high alert is declared.

In the case of Vinay a vigil was

declared by his father Shankara to prevent disaster in his life and in the life of Meera. But on the second coming, there cames a situation that can cause danger. If they are engaged in bodily relation they may have to suffer the consequence. In a similar point of view we foresee a disaster as we have violated the laws of nature.

The film has been criticized on thematic levels. As far as the name is concerned, the major part of the movie rotates around Vinay, Meera, Sandra, Shankaran and such characters in general and their lives in particular. There is only the least affinity with the name and the plot.




***Controversies***

The Dravida Munneta Kazhakam(DMK) complained that the film is based on Mullaperiyar dam dispute between Tamilnadu and Kerala and asked Tamilnadu chief minister Jayalalitha to ban the movie, considering people's safety. As a result, the film was released a day before the scheduled release on 25 November 2011on the ground that the release would disturb the cordial relations between Tamilnadu and Kerala. Challenging Tamilnadu government's ban producer-director Sohan Roy moved to Supreme court and filed a petition, questioning chief minister's subjective satisfaction resulted out of narrow political objectives without constitutional or legal basis negating an opportunity for classification, against the fundamental right to freedom warrant under article 19(1)(a). One thing is true that, nowhere did the film say it was about Mullaperiyar dam. Even an indirect mention of water sharing contract between two neighbouring states was deleted as per the request of censor board. In response to this on 8 December 2011, the Supreme Court asked the Tamilnadu government to hear the objections of Sohan Roy on December 12 and pass appropriate orders by December 16.



Br. Shinto P. Thankachan
LS 6





# മൂകസാക്ഷി



നൂറ്റിപതിനാറു തികഞ്ഞോരണക്കെട്ടു മുത്തശ്ശി . . . .
നീ . . .  ഇന്നൊരു ജലബോംബായി മാറിക്കഴിഞ്ഞു
പണ്ടാരോ കൊടുത്തോരു വാക്കിന്റെ -
പേരിൽ ഇവിടെ ഉറങ്ങാത്ത രാത്രികൾ

പേടിച്ചരണ്ടാക്കുരുന്നുകൾ . . . .
ഒന്നു നടുങ്ങിയാൽ നീയില്ല . . . .
ഞാനില്ല ജനലക്ഷങ്ങളില്ല
ഉറക്കം നടിക്കുമധികാരികളെ
നീതി പീഠമേ . . . .
ഒരു ജനതതന്റെ ജീവനോ നിങ്ങൾക്കാവശ്യം

ഇത് ഒരു നിസ്സഹായാം ജനതയുടെ
മുറവിളി ഇനിയുമാരും കേൾക്കാത്ത നിലവിളി . . . .
സമരങ്ങൾ സംഘർഷങ്ങൾ വക്പയറ്റുകൾ
എല്ലാം നീയെ മുല്ലപ്പെരിയാറെ നീ . . . .

നീ - മാത്രം  മൂകസാക്ഷി



AMAL
HS4



Our Basketball Team



Our Cricket Team



Our Football Team






Sports Day



# 'മധു'രമീ ഗാനം



എറണാകുളം നഗരത്തിലായിരുന്നു ഞങ്ങളുടെ അന്നത്തെ സായാഹ്നം. മധുസാറുമായുള്ള കൂടിക്കാഴ്ചയ്ക്കു ഇനിയും കുറച്ചു സമയം ബാക്കിയുണ്ട്. മനുഷ്യജീവിതത്തിന്റെ പല ഭാവങ്ങൾ ഞങ്ങളെ കടന്നുപൊയ്ക്കൊണ്ടിരുന്നു. പക്ഷേ ഞങ്ങൾ അതൊന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. ഞങ്ങളുടെ മനസ്സുമുഴുവൻ അല്പ സമയത്തിനുശേഷം നടക്കാൻ പോകുന്ന ആ കൂടിക്കാഴ്ച ആയിരുന്നു. സംഗീതലോകത്തെ ഒരു അതുല്യപ്രതിഭയെ ആണ് ഞങ്ങൾ കാണുവാൻ പോകുന്നത് എന്ന ചിന്ത സമയത്തിന്റെ വേഗത വർദ്ധിപ്പിച്ചു.

ഇന്റർവ്യൂവിനു അനുവദിച്ച സമയത്തിനു മുൻപേ ഞങ്ങൾ സാറിന്റെ താമസസ്ഥലത്ത് എത്തി. മഹാനഗരത്തിന്റെ തിരക്കിൽ നിന്നൊഴിഞ്ഞ ശാന്ത സുന്ദരമായ ഒരിടം. ഒരു ക്ഷേത്രത്തോട് ചേർന്നുള്ള പ്രദേശം. ആ ക്ഷേത്രത്തിന്റെ നൈർമല്യവും വിശുദ്ധിയുമെല്ലാം ആ പ്രദേശത്തെങ്ങും വ്യാപിച്ചിരുന്നു. അവിടെ പരന്നിരുന്ന പ്രശാന്തത ഞങ്ങളുടെ മനസ്സിനെകുളിരണിയിച്ചു.

കൃത്യസമയത്തുതന്നെ ഞങ്ങൾ മധുസാറിന്റെ വീടിനു മുൻപിലെത്തി. ഞങ്ങളുടെ പ്രതീക്ഷകളെല്ലാം തിരുത്തിക്കുറിച്ച ഒരു സ്വീകരണമായിരുന്നു ഞങ്ങൾക്കു ലഭിച്ചത്. കുറച്ചധികം ഫോർമൽ ആയ ഒരു ഗായകനെയും കുടുംബത്തെയും പ്രതീക്ഷിച്ച ഞങ്ങൾക്കു തെറ്റി. ഒരു സെലിബ്രിറ്റിയുടെ വച്ചുകെട്ടലുകളൊന്നും ഇല്ലാത്ത ഒരു സാധാരണ മനുഷ്യനെയും കുടുംബത്തെയുമാണ് ഞങ്ങൾ അവിടെ കണ്ടത്.

കുറച്ചുനേരത്തെ കുശലസംഭാഷണത്തിനും വെൽക്കം ഡ്രിങ്ക്സിനും ശേഷം ഞങ്ങൾ കർത്തവ്യത്തിലേക്കു കടന്നു.

**ചോ: സാറിന്റെ സംഗീത അഭിരുചി തിരിച്ചറിഞ്ഞത് ആരായിരുന്നു?**

ഉ: തീർച്ചയായും അതെന്റെ അച്ഛനമ്മമാരായിരിക്കണം. പിന്നെ ഞാൻ 2-ാം ക്ലാസിൽ പഠിക്കുമ്പോൾ എന്റെ ക്ലാസ് ടീച്ചർ എനിക്ക് പാടാൻ കഴിവുണ്ടെന്ന് മനസ്സിലാക്കി.

**ചോ: സിനിമാ പിന്നണി ഗാനരംഗത്തേക്ക് സർ വന്ന സാഹചര്യം ഒന്നു പറയാമോ?**

ഉ: 9-ാം ക്ലാസിൽ പഠിക്കുമ്പോഴാണ് ഞാൻ ആദ്യമായിട്ട് ഒരു പാട്ടു പാടുന്നത്. അത് ഒരു ക്രിസ്ത്യൻ ഭക്തിഗാനമായിരുന്നു. അതിനുശേഷം ഞാൻ പാടുന്നത് മദ്രാസിൽ പഠിച്ചുകൊണ്ടിരുന്ന കാലത്താണ്. 95-96 കാലഘട്ടത്തിൽ എന്റെ ഗുരുനാഥൻ റ്റി. വി. ഗോപാലകൃഷ്ണൻ സാറാണ് എന്നെ ഈ രംഗത്തേക്കു കൊണ്ടുവന്നത്. ബാബു ശങ്കർ എന്ന മ്യൂസിക് ഡയറക്ടർക്കു വേണ്ടിയാണ് ഞാൻ പാടുന്നത്. ചിത്രചേച്ചിയോടൊപ്പമുള്ള ഒരു Duet Song ആയിരുന്നു അത്.

**ചോ: ആദ്യമായി സിനിമയിൽ പാടിയപ്പോഴത്തെ അനുഭവം എന്തായിരുന്നു?**

ഉ: വളരെ നല്ലൊരു അനുഭവമായിരുന്നു അത്. എല്ലാ ഗായകരുടെയും ഒരാഗ്രഹമാണ് സിനിമയിൽ പാടുക എന്നത്. അത് സാധിച്ചപ്പോൾ എനിക്ക് വളരെയധികം സന്തോഷം തോന്നി. ഒരു പുതിയ അനുഭവമായിരുന്നു അത്.

**ചോ: സാറിന് ഏറ്റവും സംതൃപ്തി നൽകിയ പാട്ടുകൾ ഏതൊക്കെയാണ്?**

ഉ: അങ്ങനെപറയുക ബുദ്ധിമുട്ടായിരിക്കും. എല്ലാ പാട്ടുകളും നമുക്കു പ്രിയപ്പെട്ടതായിരിക്കും. ഒരമ്മയ്ക്ക് അമ്മ പെറ്റ മക്കളെല്ലാം പ്രിയപ്പെട്ടതായിരിക്കും. അതുപോലെതന്നെ ഞാൻ പാടിയ എല്ലാ പാട്ടുകളും എനിക്കു പ്രിയപ്പെട്ടതാണ്.

**ചോ: ഇപ്പോഴിറങ്ങുന്ന ന്യൂ ജനറേഷൻ സിമിനകളിൽ നല്ല മെലഡീസ് ഒന്നും തന്നെയില്ല. എല്ലാം ഒരു തരം കൊലവെറി ടൈപ്പ് പാട്ടുകളാണ്. ഇതിനെപ്പറ്റിസാറിന്റെ അഭിപ്രായം എന്താണ്?**

ഉ: അങ്ങനൊരഭിപ്രായം എനിക്കില്ല. ഈ അടിച്ചുപൊളി പാട്ടുകളോടൊപ്പം നല്ല മെലഡീസും ഉണ്ട്. പക്ഷേ ഇപ്പോഴത്തെ ഒരു ട്രെൻഡ് എന്നത് ഈ അടിച്ചുപൊളി പാട്ടുകൾ ജനങ്ങളെ അടിച്ചേൽപ്പിക്കുകയാണ്. മീഡിയാസ് അതിനു വളരെയധികം പ്രാധാന്യം നൽകി അവ ജനങ്ങളുടെ മേൽ അടിച്ചേല്പിക്കുകയാണ്.

**ചോ: ഈ അടിച്ചുപൊളി പാട്ടുകൾ നമ്മുടെ ഭാരതീയമായ സംഗീതത്തിന്റെ ആത്മാവിനെ നശിപ്പിക്കുകയല്ലേ ചെയ്യുന്നത്?**

ഉ: നമുക്കിപ്പോൾ മലയാളത്തനിമയുള്ള പാട്ടുകൾ ഇല്ല. നമ്മുടെ ഭാഷ എന്നു പറയുന്നത് മലയാളമാണ്. മലയാളിത്തമുള്ള പാട്ടുകളാണ് നമുക്ക് വേണ്ടത്.

**ചോ: ഇപ്പോഴത്തെ കാലം റിയാലിറ്റി ഷോകളുടെ കാലമാണ്. ഇതൊന്നുമില്ലാതിരുന്ന കാലത്ത് വളർന്നുവന്ന ഒരു സംഗീതജ്ഞനാണ് താങ്കൾ. അപ്പോൾ താങ്കൾ ഒരുപാടു കഠിനധ്യാനം ചെയ്തിട്ടുണ്ടാകും അല്ലേ?**

ഉ: തീർച്ചയായിട്ടും. കഠിനധ്യാനം ചെയ്യാതെ ഇന്നത്തെ ഈ നിലയിൽ എത്തുക സാധ്യമല്ലല്ലോ. ഞാൻ കഷ്ടപ്പെട്ടതിന്റെയും ദൈവത്തിന്റെ അനുഗ്രഹത്തിന്റെയും അച്ഛനമ്മമാരുടെയും ഗുരുക്കൻമാരുടെയും ഒക്കെ അനുഗ്രഹം കൊണ്ടാണ് എനിക്ക് ഇവിടം വരെയെങ്കിലും എത്താനായത്.

**ചോ: നമ്മുടെ നാട്ടിലിപ്പോൾ ഒരുപാടു റിയാലിറ്റി ഷോകളുണ്ട്. നല്ല**



**പാട്ടുകാരെ കണ്ടെത്താൻ ഇതു സഹായകമാണോ?**

ഉ: റിയാലിറ്റി ഷോകൾ വന്നതോടുകൂടി ഒരുപാടു ഗായകർക്കു അവസരങ്ങൾ കിട്ടുന്നുണ്ട്. എന്റെ കാലത്തൊന്നും ഇത്രയും അവസരങ്ങൾ ഉണ്ടായിരുന്നില്ല. പാട്ടു കേൾക്കുന്നതിനൊപ്പം അതാരാണ് പാടിയത് എന്നൊക്കെ ഇപ്പോൾ അറിയാൻ കഴിയും. റിയാലിറ്റി ഷോകളുടെ പ്രശ്നം എന്നു പറഞ്ഞാൽ ഒരു സീസൺ കഴിഞ്ഞ് അടുത്ത സീസൺ ആകുമ്പോൾ കഴിഞ്ഞ സീസണിൽ ഉണ്ടായിരുന്ന ആളുകളെ എല്ലാവരും മറക്കുന്നു.പലരും വാഗ്ദാനങ്ങൾ കൊടുക്കും ഞാൻ അടുത്ത സിനിമയിൽ പാടിക്കാം എന്നൊക്കെ. പക്ഷേ അതൊന്നും സംഭവിക്കാറില്ല.

**ചോ: റിയാലിറ്റി ഷോകളിലെ പെർഫോർമൻസ് റൗണ്ട് സംഗീതത്തിന്റെ ആത്മാവിനെനശിപ്പിക്കുന്നു എന്നുപറഞ്ഞ് കേൾക്കാറുണ്ട്. സാർ ഇതിനോട് എങ്ങനെപ്രതികരിക്കുന്നു?**

ഉ: നിങ്ങൾക്കറിയുമല്ലോ ഇപ്പോൾ റിയാലിറ്റി ഷോകൾ ആൾക്കാർക്കു മടുത്തു തുടങ്ങിയല്ലേ. ഇപ്പോൾ ആളുകളെല്ലാം കോടികളുടെ പുറകേയാണല്ലോ. ചിലപ്പോൾ ഈ ട്രെൻഡ് മാറി നല്ല പാട്ടുകൾ കേൾക്കുന്ന ഒരു കാലം വന്നേക്കാം.

**ചോ: പഴയ സിനിമകൾ റീമേക്ക് ചെയ്തുവരുമ്പോൾ അവയിലെ പാട്ടുകളെപ്പറ്റി സാറിന്റെ അഭിപ്രായം എന്താണ്?**

ഉ: പഴയ പാട്ടുകൾ എന്നു വച്ചാൽ മലയാളിത്തമുള്ള, മലയാളത്തനിമയുള്ള പാട്ടുകളായിരുന്നു. അവ റീമിക്സ് ചെയ്തുവരുമ്പോൾ പലപ്പോഴും അവയുടെ ആ മലയാളിത്തം തന്നെ നഷ്ടപ്പെടും. ഇപ്പോഴത്തെ പാട്ടുകൾ എന്നുവച്ചാൽ അന്യഭാഷകളെ അനുകരിച്ചുള്ളവയാണ്. വെസ്റ്റേൺ സംഗീതത്തിന്റെ ഇൻഫ്ളുവൻസ് അവയിൽ കൂടുതലാണ്.

**ചോ: ഇപ്പോഴത്തെ ഈ 'കൊലവെറി' പോലുള്ള പാട്ടുകളെപ്പറ്റിയുള്ള സാറിന്റെ അഭിപ്രായം.**

ഉ: യാതൊരു അർത്ഥവുമില്ലാത്ത പാട്ടുകളാണ് അവ. കൊലവെറിയുടെ തുടക്കത്തിൽ തന്നെ അവരു പറയുന്നുണ്ട് ഇതൊരു ഫ്ളോപ് സോങ്ങ് ആണ് എന്ന്. പിന്നെ എന്തു പറയാനാ ആളുകൾ ഏറ്റെടുത്ത് അതിനെഹിറ്റ് ആക്കി. നിങ്ങൾക്കു കേട്ടാൽ തന്നെ മനസ്സിലാകും അതിലെ വരികൾക്കൊന്നും ഒരർത്ഥവും ഉണ്ടാകില്ല. പിന്നെ റിഥം കേൾക്കാൻ വേണ്ടി കുറെ അർത്ഥമില്ലാത്ത വരികൾ കൂട്ടിച്ചേർത്തിരിക്കുന്നു.

**ചോ: ഇപ്പോൾ ഗായകർ പലരും സംഗീതസംവിധാനമേഖലയിലേക്ക് ചുവടുമാറുന്നുണ്ട്. സാറിന് അങ്ങനെവല്ല പ്ലാനുകളും ഉണ്ടോ?**

ഉ: തൽക്കാലം ഞാൻ അതിനെപ്പറ്റി ചിന്തിക്കുന്നില്ല. ഇപ്പോൾ എനിക്ക് കമ്പോസ് ചെയ്യാമോന്ന് ചോദിച്ചാൽ എനിക്ക് സാധിക്കും. പല പാട്ടുകളും കമ്പോസ് ചെയ്ത് റെക്കോഡ് ചെയ്ത് വച്ചിട്ടുണ്ട്. പക്ഷേ ഉടനെയെങ്ങും ഒരു സംഗീതസംവിധായകനാകാൻ എനിക്കു താത്പര്യമില്ല.

**ചോ: സാറിന്റെ സ്വതസിദ്ധമായ കഴിവ് പാടാൻ തന്നെയാണെന്ന് സാർ വിശ്വസിക്കുന്നുണ്ടോ?**

ഉ: തീർച്ചയായിട്ടും. അതില്ലാതെ ഇവിടം വരെയെങ്കിലും ഞാൻ എത്തില്ലായിരുന്നല്ലോ. എനിക്ക് കമ്പോസ് ചെയ്യാൻ കഴിയും. ഭാവിയിൽ ദൈവം നിശ്ചയിച്ച ഒരു സമയം ഉണ്ടെങ്കിൽ അപ്പോൾ ഞാൻ സംഗീതസംവിധാനരംഗത്തേക്കു കടന്നുവരും.

**ചോ: റിയാലിറ്റി ഷോകൾ കാണുമ്പോൾ പലർക്കും തോന്നിയിട്ടുള്ള ഒരു കാര്യമാണ് അവയിൽ ജഡ്ജസ് ആയിട്ടിരിക്കുന്നപലരും തമ്മിൽ ഈഗോ പ്രോബ്ലംസ് ഉണ്ടെന്ന്. ഇതിനെപ്പറ്റി സാറിന്റെ അഭിപ്രായം എന്താണ്?**

ഉ: ഒരു റിയാലിറ്റി ഷോ റിയൽ ആയിരിക്കണം. അല്ലാതെ ജഡ്ജസ്







തമ്മിൽ വഴക്കടിച്ചതുകൊണ്ടോ ഈഗോ കാണിച്ചതുകൊണ്ടോ കാര്യമില്ല. അങ്ങനെചെയ്യുമ്പോൾ അവർ അവരുടെ ഇമേജ് തന്നെ നഷ്ടപ്പെടുത്തും. നിങ്ങളുടെ ഈ ചോദ്യത്തിൽ നിന്നു തന്നെ അതു വ്യക്തമാണ്.

**ചോ: യാതൊരു കഥാമൂല്യവുമില്ലാത്ത ഒരു സിനിമയ്ക്കു വേണ്ടി പാടാൻ വിളിച്ചാൽ താങ്കൾ പോകുമോ?**

ഉ: നല്ലൊരു പാട്ടാണെങ്കിൽ ചിലപ്പോൾ പോകും. ഞാൻ നോക്കുന്നത് പാട്ടാണ്. എന്റെ രംഗം എന്നതും സംഗീതമാണ്. അതുകൊണ്ട് ചിലപ്പോൾ പോകുമായിരിക്കും.

**ചോ: Youngsters കൂടുതലായും ഇഷ്ടപ്പെടുന്നത് സംഗീതത്തിന്റെ technical side ആണ്. ശരിക്കും technology ആണോ സംഗീതത്തിന്റെ ആത്മാവ്.**

ഉ: technology ആണ് ശരിക്കും സംഗീതത്തെ നശിപ്പിക്കുന്നത്. ഇപ്പോൾ Digital recording വന്നതോടുകൂടി സംഗീതത്തിന്റെ വോയ്സ് ക്വാളിറ്റി, ഇൻസ്ട്രുമെന്റ്സിന്റെ ക്വാളിറ്റി ഇതെല്ലാം നഷ്ടപ്പെടുകയാണ് ചെയ്തത്. ശരിക്കും ഏറ്റവും നല്ലത് Analog recording തന്നെയാണ്. ബോളിവുഡിലും ഹോളി വുഡിലുമെല്ലാം പല പാട്ടുകളും Analog ആയി record ചെയ്തിട്ടു പിന്നെ അതിനെ Digital ആക്കുകയാണ് ചെയ്യുന്നത്.

**ചോ: സാറിന്റെ കോളേജ് ജീവിതകാലത്തെപ്പറ്റി രണ്ടു വാക്ക്**

ഉ: കോളേജ് ജീവിതം ശരിക്കും ഒരു എൻജോയ്മെന്റ് ആയിരുന്നു. 10-ാം ക്ലാസ് വരെയുള്ള നിയന്ത്രണത്തിൽനിന്നും നമ്മൾ മോചിതരായ ഒരു സമയം. പക്ഷേ അത് ഞാൻ അധികം അങ്ങോട്ട് സെലിബ്രേറ്റ് ചെയ്തിട്ടില്ല. Basically ഞാൻ സംഗീതത്തിലേക്ക് തിരിഞ്ഞതുകൊണ്ടായിരിക്കാം ഞാൻ അധികം സ്വാതന്ത്ര്യം എടുത്തിട്ടില്ല.

**ചോ: സാറിന്റെ കോളേജ് ജീവിതത്തിലെ ചില ഓർമ്മകൾ**

ഉ: നല്ല കുറെ ഓർമ്മകളുണ്ട്. ഡിഗ്രിക്ക് പഠിക്കുമ്പോൾ യൂണിവേഴ്സിറ്റി കലോത്സവത്തിന് പോയതൊക്കെ നല്ല ഓർമ്മകളാണ്. പഠിപ്പിക്കുന്ന അധ്യാപകർ നമ്മളെ രക്ഷിതാക്കളെപ്പോലെ കെയർ ചെയ്തുകൊണ്ടു പോകുന്നതൊക്കെ നല്ല അനുഭവങ്ങളാണ്.

**ചോ: ഇന്നത്തെ യുവജനങ്ങളോട് സാറിനെന്താണ് പറയാനുള്ളത്?**

തനതായ സംഗീതത്തെ സ്നേഹിക്കുക. അർത്ഥമില്ലാത്ത പാട്ടുകൾക്കു പുറകെ പോകാതെ നല്ല പാട്ടുകളെ പ്രോത്സാഹിപ്പിക്കുക. നിങ്ങളിൽ സംഗീതസംവിധാനകഴിവുകളുണ്ടെങ്കിൽ നല്ല പാട്ടുകൾ സൃഷ്ടിക്കുക.

ഭക്ഷണം കഴിച്ചിട്ടു പോകാം എന്ന അദ്ദേഹത്തിന്റെ സ്നേഹപൂർവ്വമായ നിർബന്ധത്തെ സന്തോഷപൂർവ്വം നിരസിച്ചുകൊണ്ട് ഞങ്ങൾ ഇറങ്ങി. ഒരു നല്ല മനുഷ്യനെ പരിചയപ്പെടാൻ സാധിച്ചതിലുള്ള സന്തോഷം കൊണ്ട് എറണാകുളം നഗരം അപ്പോഴും മാറ്റമില്ലാതെ ശബ്ദിച്ചുകൊണ്ടിരുന്നു.



Questions conceived by Jordi John

# ഒനമിഷ്രികം

മിഴികൾക്ക് മുൻപിൽ വർണ്ണ-
വസന്തങ്ങൾ; ഇളംകാറ്റിൽ
തിരതല്ലിയൊഴുകു-
മഭൗമ സുഗന്ധം!
ഇരവുൾ പകലുകൾ
ഇലകൾ പോൽ കൊഴിയുന്നൊ-
രരയാലിൻ ചുവട്ടിൽ നാം
ഇരുന്നിടുമ്പോൾ.
ഇളം പച്ചക്കൊടിയിൽ
തിളങ്ങുന്ന ജന്മമെന്ന
ഹിമകണമതിവേഗം
വരണ്ടിടുന്നു.
ഇവിടെയിത്തണൽ പറ്റി
യൊരു മാത്രമതിമറ-
ന്നിരിക്കുന്നു സുഖസ്വപ്ന
പുളകിതരായ്;
മിഴിച്ചിമ്മിത്തുറന്നെഴു-
ന്നേറ്റു നമ്മൾ യാത്ര വീണ്ടും
തുടരവേ മൃതിയുടെ
ശീതള സ്പർശം!
ക്ഷണികമീ ജീവിതമെ
ന്നറിഞ്ഞുമോരോന്നിനേയും
പ്രണയിച്ചിടാം.



Animol P.N.
Ist M.A. English








# Life -A MYSTERY





Chinchu Mathew
LS 2

We can't predict our life
We can't foresee our life
Life may undergo ups and downs;
For some, it brings only miseries,
And for some, it brings only joys
Events that bring despair in life
Can not be forgotten until death
Life is so beautiful for those
Who have never known sorrow
But it is horrible for those
Who have only undergone pain and
pathos
Many feel life as something
Useless and of no hope at all
Many favours done for others may
Become unnoticed sometimes

Many lose their family support badly
Which may kill them mentally
Life makes us bold as well as delicate
The pain of losing our dear ones
May break us completely
But it is a fact that blood relations
Can never be segregated
And only they will be there to help us
In the crucial conditions of life
Life rewards us with friends
Who are with us forever
We don't know what it brings
To us the next moment
Without God's grace we are nothing
He is the one who makes us alive
And gives us the inspiration to live

EVERY SECOND COUNTS



# നന്ദി...

Start...

ജീവിതമെന്ന ചലച്ചിത്രം അതിന്റെ പ്രദർശനം ആരംഭിച്ചു. അജ്ഞതയുടെ, ശൂന്യതയുടെ, നിഷ്കളങ്കതയുടെ, നിസ്വാർത്ഥസ്നേഹത്തിന്റെ ബാല്യത്തിലൂടെ അത് മുന്നോട്ടു നീങ്ങി.

Action

ഈ യാത്രയുടെ പ്രധാനഘട്ടം അജ്ഞതയിൽനിന്ന് ജ്ഞാനത്തിലേക്ക്, ശൂന്യതയിൽനിന്ന് അറിവിന്റെ നിറവിലേക്കും സ്നേഹത്തിന്റെ, വ്യക്തിത്വ വത്ക്കരണത്തിലേക്കും അത് പുരോഗതി നേടി പ്രക്ഷുബ്ദമായ യൗവനകാലഘട്ടം അതെ ഈ ഘട്ടവും കടന്നിരിക്കുന്നു. ജീവിതചിത്രത്തിന്റെ പ്രദർശനം സമാപനത്തിലേക്കു നീങ്ങുകയാണ്.

Cut

നിഷ്ക്കളങ്കബാല്യവും, ക്ഷുഭിതയൗവ്വനവും കടന്ന് വാർധക്യത്തിലേക്ക് അത് കടന്നിരിക്കുന്നു. ജീവിതത്തിന്റെ നൈമിഷികതയെ ഈ ജീവിതചിത്രത്തിലൂടെ ഒന്നു ഓർമ്മിപ്പിച്ചുവെന്നു മാത്രം. ഒരു ജീവിതം കടന്നുപോകുമ്പോൾ ബാക്കിയാവുക അത് ഭൂമിയിൽ അവശേഷിപ്പിച്ച സുഖമുള്ളതും വേദന നിറഞ്ഞതുമായ ഓർമ്മകൾ മാത്രം... ഈ ഓർമ്മകൾ കഥകളായും, കവിതകളായും ലേഖനങ്ങളുമായി ഈ യാത്രയിൽ സ്ഥാനം പിടിച്ചു. ഈ ജീവിതചിത്രത്തിൽ താങ്ങും തണലുമായവർ നിരവധിയാണ്.... അധ്യാപകർ ...അനധ്യാപകർ....സർവ്വോപരി സർവ്വശക്തനായ ദൈവം.... കേവലം ഔപചാരികതയിൽ ഒതുങ്ങാതെ ഹൃദയത്തിന്റെ നിറവിൽനിന്നും നന്ദി....നന്ദി.....നന്ദി....














Printer and Publisher: Dr. T.M.Joseph, Principal, Newman College, Thodupuzha, Idukki District, Kerala 685585
Newman College is an aided college reaccredited at 'A' Grade by NAAC and affiliated to M.G. University
Phone: 04862 222686, 229797, Fax: 04862-229797
Website: www.newmancollege.ac.in, Email: newmancollegethodupuzha@gmail.com

Printed at Printech Colour Press tdpa : 227191




LEAD KINDLY LIGHT

**NEWMAN COLLEGE**
**THODUPUZHA, IDUKKI (Dist.), KERALA - 685 585, INDIA**
(Re-accredited by NACC with 'A' grade and
affiliated to M.G University, Kottayam)
Ph: 04862- 222686 (Off.), 229797 (Principal), 222486 (Bursar)
Email: newmancollegethodupuzha@gmail.com, URL: www.newmancollege.ac.in